

പുസ്തകം ൫൨) ഫൻഫരു ആഗസ്റ്റ് (ലക്കം ൮.

മംഗളം.

ശ്രീതാവും ദിവ്യരക്ഷാകരനുടെ സവിധെ ഭക്തലോകക്കുവേണ്ടി
സ്തിതാനന്ദേനകായ്ം പ്രതിനിധിനിലയിൽ ചൊല്ലിവല്ലായ് മനീക്കും
നീ താനല്ലാതെവേറില്ലിവനൊരു തുണയീ മൂന്നു ലോകത്തിലോത്താൽ
മാതാവെ!, നിൻകടാക്ഷാമൃതമനുദിവസം ചേത്തുമാം കാത്തിടേണം.

തൊട്ടവയിൽ വി. അഗസ്തീൻ.

ശരണം.

ശരണം എന്നതു ഒരു ദൈവിക പുണ്യമാണ്. അതുമൂലം നിത്യഭാഗ്യവും അതു പ്രാപിക്കാനുള്ള മാർഗ്ഗങ്ങളും ദൈവത്തിൽനിന്നു നാം പ്രാപിച്ചിരിക്കുന്നു. ഇങ്ങനെ പ്രാപിച്ചിരിക്കാനുള്ള മുഖാന്തരം സർവ്വശക്തനായ ദൈവത്തിന്റെ വാഗ്ദത്തവും അതു നിറവേറുന്നതിലുള്ള തന്റെ വിശ്വസ്തതയും ആണ്. ശരണം ദൈവിക പുണ്യമെന്നു പറഞ്ഞതു അതു നമ്മുടെ ആത്മാവിൽ ദൈവം ചിന്തുന്ന ഒരു പുണ്യമാകകൊണ്ടും അതിന്റെ വിഷയം ദൈവം ആയിരിക്കുകൊണ്ടും ആണ്. നമ്മുടെ ആത്മാവിന്റെ ആഗ്രഹങ്ങളെ പൂർണ്ണമായി തൃപ്തിപ്പെടുത്തുന്നതിനു ദൈവത്താൽ മാത്രമല്ലാതെ സൃഷ്ടിക്കപ്പെട്ട യാതൊരു വസ്തുവിനാലും സാധിക്കുന്നതല്ല. ആമ്മാൻ അസുവേരസ് രാജാവിന്റെ അരമനയിൽ എത്ര വലിയ ബഹുമാനങ്ങൾ ഒക്കെ അനുഭവിച്ചു പോന്നിരുന്നു. രാജാവു അവന്റെ ഇഷ്ടം എപ്പോഴും സാധിച്ചിരുന്നു. സമൃദ്ധിയായി വസ്തുക്കളും അവനുണ്ടായിരുന്നു. എങ്കിലും അതൊന്നുകൊണ്ടും അവൻ തൃപ്തിപ്പെട്ടിരുന്നില്ലെന്നു വേദപുസ്തകം വ്യക്തമായി സാക്ഷിക്കുന്നു. മഹാരാജാവായ ശ്ലേമോനു എന്താണു പോരാതിരുന്നതു? സമ്പത്തും ജ്ഞാനവും അധികാരവും സുഖങ്ങളും ബഹുമാനങ്ങളും ലോകത്തിൽ അദ്ദേഹത്തെപ്പോലെ അനുഭവിച്ചവൻ ആരും ഉണ്ടായിരുന്നില്ല. എന്നാലും അവയൊക്കയിലും കലക്കവും അതൃപ്തിയും കലർന്നിരുന്നതിനാൽ തനിക്കു പൂർണ്ണസന്തോഷം ഉണ്ടായിരുന്നില്ലെന്നു ശ്ലേമോൻ തന്നെ സാക്ഷിക്കുന്നു. ഇതിന്റെ ന്യായം തെളിവുള്ളതാകുന്നു. എന്തെന്നാൽ നമ്മുടെ മനസ്സിനു അളവില്ലാതെയുള്ള ആഗ്രഹങ്ങൾ ഉണ്ടാകാനുള്ള ഒരു ശക്തിയുണ്ട്. തൻമൂ

ലും അളവുള്ള സൃഷ്ടികൾക്കു അതിനെ തൃപ്തിയാക്കാൻ ശക്തിയില്ലാത്തതാണ്. ഇതിനാൽ എപ്പോഴും അതു ഇളകിക്കൊണ്ടിരിക്കും. ആകയാൽപൂർണ്ണസന്തോഷവും തൃപ്തിയും ലഭിക്കാനുള്ള ഒരു വസ്തുവിനെ ആത്മാവു എപ്പോഴും പാർത്തിരിക്കുന്നു. അങ്ങനെയുള്ള ഒരു വസ്തു അളവില്ലാത്ത നന്മയുള്ള ഒന്നായിരുന്നാലല്ലാതെ സാധിക്കുവുന്നതുമല്ല. അളവില്ലാതെ നന്മയുള്ള ഒരു വസ്തു ദൈവംമാത്രമെയുള്ളു. ദൈവത്തിൽമാത്രമെ സകല നന്മകളും കിട്ടുകയുള്ളു. ആ നന്മലഭിക്കുമ്പോൾ മാത്രമെ ആത്മാവിനു പൂർണ്ണതൃപ്തിയുണ്ടാകയുള്ളു. ശരണം വഴിയായി നാം പാർത്തിരിക്കുന്നതു നിത്യഭാഗ്യമാണെന്നു മേൽ കാണിച്ചുവെല്ലൊ. ആ നിത്യഭാഗ്യം ദൈവം തന്നെയാണു. നിത്യപ്രകാശമായ ദൈവത്തെ അനുഭവിക്കുമ്പോൾ നമ്മുടെ ആത്മാവു പരിപൂർണ്ണസന്തോഷം അനുഭവിക്കുന്നു. ഈ പരിപൂർണ്ണസന്തോഷത്തിന്റെ ആധിക്യംനിമിത്തം സപ്തവാസികൾക്കു അനേകായിരം സംവത്സരങ്ങൾ ക്ഷണനേരംപോലെ തോന്നിപ്പോകും. ഇതിനാൽ രാജർഷിഉദ്ദിശ്യായ ദാവീദ് ദൈവത്തെനോക്കി നിന്റെ തിരുമുമ്പാകെ ആയിരം സംവത്സരങ്ങൾ കടന്നുപോയ ഇന്നലത്തെ ദിവസംപോലെ ആകുന്നു എന്നു സാക്ഷിക്കുന്നു. പ്രാർത്ഥനമുറിയിൽ കൂട്ടമായി ദാവിദിന്റെ കീർത്തനങ്ങളെ ജപിച്ചുരുന്ന ഒരു സന്യാസിക്കു ഈ തിരുവാക്യത്തിന്മേൽ ഒരു സന്ദേഹം ജനിച്ചു. ആയിരം സംവത്സരങ്ങൾ ഒരു ദിവസംപോലെ ആകുന്നതെങ്ങനെ എന്നു അദ്ദേഹം ആലോചിച്ചു. അപ്പോൾ ദൈവം താഴെ പറയുന്ന ഒരു അത്ഭുതത്താൽ ആ സത്യം അദ്ദേഹത്തെ ധരിപ്പിച്ചുകൊടുത്തു. എങ്ങനെയെന്നാൽ പ്രസ്തുത വേദവാക്യത്തിന്റെ സാരം എന്താണെന്നു തന്നെ അറിയിച്ചുകൊടുക്കണമെന്നു ജപംതീർന്ന ഉടനെ അദ്ദേഹം ദൈവത്തോടു പ്രാർത്ഥിച്ചു. ഇങ്ങനെ പ്രാർത്ഥിച്ചുനില്ക്കുമ്പോൾ അവിടെ ഒരു മാലാഖാ ഒരു പക്ഷിയുടെ ആകൃതിയിൽ പ്രത്യക്ഷനായി. ആ പക്ഷിയുടെ ഗാനത്തിന്റെ മാധുര്യത്താൽ അദ്ദേഹം പരവശനായി പ്രാർത്ഥന സ്ഥലത്തുനിന്നും പള്ളിയിൽനിന്നും അതിന്റെ പിന്നാലെ പുറപ്പെട്ടു. ആ പക്ഷിയാവട്ടെ അവിടെനിന്നു അല്പം മുന്നോട്ടുപറന്നു അടുത്ത ഒരു വനത്തിൽ ചെന്നു സ്ഥിതിചെയ്തു. അതിന്റെ മധുരമേറിയ ഗാനത്താൽ ആ സന്യാസി പരവശനായി മുന്നൂറു സംവത്സരംവരെ അവിടെനിന്നു അതുകേട്ടു ആനന്ദിച്ചിരുന്നു. ഒടുവിൽ പക്ഷി കാഴ്ചയിൽനിന്നു മാറിയതിനാൽ സന്യാസി താൻ പുറപ്പെട്ടിട്ടു ഏതാനും മണിക്കൂർ നേരമെ ആയിട്ടുള്ളു എന്നു വിചാരിച്ചും അടുത്ത ജപത്തിനു സമയം ആയിപോയെന്നു കരുതിയും തന്റെ ആശ്രമത്തിൽ പിന്തിരിഞ്ഞുചെന്നു. എന്നാൽ ആശ്ചര്യം! അവിടെ ചെന്നപ്പോൾ വാതിൽക്കാരൻ സഹോദരൻ താൻ അറിയാത്ത ഒരു പരദേശിയാണെന്നു കണ്ടു. വാതിൽക്കാരനും ഇയാളെ കണ്ടു ഇയാൾ ഒരു പരദേശിയാണെന്നു കരുതി അവിടെവന്നകാര്യം എന്താണെന്നു ചോദിച്ചു അപ്പോൾ അയാൾ ഞാൻ ഈ മഠത്തിലെ സങ്കീർത്തിജോലി ചെയ്യുന്ന ഒരു സന്യാസിയാണെന്നും ഞാൻ ലെലിയാ നമസ്സാരം കഴിഞ്ഞു പെട്ടിയിലേയ്ക്കു പോയി പിന്തിരിഞ്ഞുവരികയാണെന്നും മറുപടി പറഞ്ഞു. അതിനു വാതിൽക്കാരൻ ഞാൻ നിങ്ങളെ ഒരിക്കലും കണ്ടിട്ടില്ല. നിങ്ങളെ അറികയുമില്ല. അതിനാൽ ഇതു എങ്ങനെ സംഭവിക്കും. നിങ്ങൾ ഈ മഠത്തിലെ ഒരു സന്യാസി ആണെങ്കിൽ ഇപ്പിടത്തെ (അബാത്ത) ആശ്രമാധിപതിയുടെയും പ്രിയോരിന്റെയും മറ്റു സന്യാസികളുടെയും പേരുകൾ എന്താണെന്നു ആവശ്യപ്പെട്ടു. സന്യാസി പറഞ്ഞപേരുകൾ അപ്പോൾ മഠത്തിൽ ജീവിച്ചിരുവരുടെ പേരുകളോടു യോജിക്കാത്തതിനാൽ വാതിൽക്കാരൻ അത്ഭുതപരവശനായി സന്യാസിയെ ആശ്രമാധിപന്റെ വക്കലേക്കു കൂട്ടിക്കൊണ്ടുപോയി. അദ്ദേഹം നമ്മുടെ സന്യാനിയോടു നടത്തിയ സംഭാഷണത്തിനുശേഷം ആശ്രമത്തിന്റെ പൂർവ്വരിക്കാർഡുകളെ എടുത്തുനോക്കിയപ്പോൾ പരദേശിയായ സന്യാസി പേർപറഞ്ഞ മഠാധിപതിയും സന്യാസികളും മുന്നൂറുവർഷത്തിനു മുമ്പു

അവിടെ ജീവിച്ചു മരിച്ചുപോയവർ ആ ണെന്നും നമ്മുടെ പരദേശി സന്യാസി ആ സഭ്യീയ പക്ഷിയുടെ മധുരമേറിയ ഗാനത്താൽ വശീകരിക്കപ്പെട്ടു് അവിടെ നിന്നു പുറപ്പെട്ടുപോയിട്ടു മുന്നു വർഷമാ യെന്നും ഗ്രഹിച്ചു ഇങ്ങനെ ആ സന്യാ സിയെ രാജദീഷ്ടശ്രിയുടെ മേൽപറ ഞ്ഞ വാക്കുകളെ അനുഭവംകൊണ്ടു ദൈ വം ഗ്രഹിപ്പിച്ചു. സഭ്യത്തിലെ സന്തോ ഷങ്ങളുടെ ഒരു മുൻരുചികൊണ്ടു് മുന്നു വർഷം ഏതാനും മണിക്കൂറുപോലെ തോ ന്നിയെങ്കിൽ ഉപമയില്ലാത്തവിധം സ ന്തോഷത്തിൽ ആത്മാവിനെ നിമഗ്നമാ ക്കുന്ന ദൈവദർശനംകൊണ്ടു അനേകാ യിരം സംവത്സരങ്ങൾ ക്ഷണം കടന്നു പോകുന്ന മിന്നൽപോലെ തോന്നുമെന്നു ള്ളതിൽ ആശ്ചര്യപ്പെടുവാനുണ്ടോ? ലോ കത്തിലെ സകല നന്മകളും സംഖ്യയി ല്ലാത്ത സംവത്സരക്കാലത്തോളം അനു ഭവിച്ചാലും അതെല്ലാം സഭ്യത്തിൽ ദൈവത്തെ ദർശിക്കുന്നതിൽനിന്നുണ്ടാകു ന്ന സന്തോഷത്തിന്റെ ഒരു മണിനേര ത്തോടു ഉപമിക്കാവുന്നതല്ലെന്നു വിശുദ്ധ ആഗസ്തീനോസ് അരുളിച്ചെയ്യുന്നതു എ ത്രസാരമേറിയ പ്രസ്താവനയാണെന്നു് എ പ്പോഴും നാം ഓർക്കേണ്ടതാണു്.

ഫാദർ. ഫ്രാൻ.

അഞ്ചുവിനാഴികപ്രസംഗം.

ദശവിധി.

(മൂന്നാംപ്രമാണം തുടർച്ച.)

"നീ വിശ്രമവാരത്തെ ശുദ്ധമായാ ചരിപ്പാൻ ഓർത്തുകൊൾക"

വിശുദ്ധ നാളുകളെ ശുദ്ധമായാചരിക്കുന്നതിനു ആവശ്യമായ അടിമവേല കളിൽനിന്നുള്ള ഒഴിവു്, ദൈവാരാധന നടത്തൽ എന്ന രണ്ടു കാര്യങ്ങളിൽ ആദ്യത്തേതിനെപ്പററി ആലോചിച്ച ശേഷം ഇപ്പോൾ രണ്ടാമത്തേതായ ദൈവാ രാധനയെ സംബന്ധിച്ചു പറവാൻ കരുതുന്നു.

ഞായറാഴ്ച, തിരുനാളുകൾ ആദി യായ വിശ്രമനാളുകളിൽ അനുഷ്ഠിക്കേ ണ്ട കടമകളിൽ ഒന്നാമത്തേതും മുഖ്യമാ യതും വിശുദ്ധ കുർബ്ബാന എന്ന ദിവ്യ ബ ലിയിൽ സംബന്ധിക്കുന്നതാകുന്നു. ബുദ്ധ ബുദ്ധി വന്നവരായ എല്ലാ വിശ്വാസിക ളും ഞായറാഴ്ചകളിലും കടമുള്ള പെരു ന്നാൾകളിലും കുർബ്ബാന കാണ്മാൻ നിർ ബന്ധിതരാകുന്നു. ആ ദിവസങ്ങളിൽ മു ഴുവൻകുർബ്ബാന കാണുന്നതിനു ചാവടോ ഷശിക്ഷയിൻകീഴ നമുക്കു കടമയുണ്ടു്. ആകയാൽ സുവിശേഷ വായന കഴി ഞ്ഞശേഷം വരുന്നവർ വിണ്ടു മറെറാരു കുർബ്ബാന മുഴുവൻ കാണ്മാൻ കടക്കാരാ കുന്നു. നാം ഭക്തിപൂർവ്വം കുർബ്ബാന കാ ണണം. നമ്മുടെ ശരീരംകൊണ്ടു മാത്രം സന്നിഹിതരായിരുന്നാൽ പോരാത്തതാകു ന്നു. നാം ഞായറാഴ്ചകളിലും കടമുള്ള പെരുന്നാൾകളിലും കുർബ്ബാന കാണ്മാൻ നിർബന്ധിതരാകുന്നു എന്നു പറഞ്ഞ ല്ലൊ. കാരണം, ദിവ്യപൂജ നമസ്കാര മാദിയായ ദൈവാരാധനയുടെ പ്രവൃത്തി കളിൽ ഒന്നാംസ്ഥാനമർഹിക്കുന്നു. ദിവ്യ ബലി കുരിശിലെ ബലിയുടെ ഒരു ആവ ർത്തനംതന്നെ ആകയാൽ ഏററം പവി ത്രമായും ഏററം രക്ഷണീയമായും ദൈ വമഹത്വത്തിനു ഏററം സ്വീകാര്യമായ മുള്ള ഒരു കർമ്മമാകുന്നു. ദിവ്യപൂജ, കു രിശിൽ രക്തമയമായി സമർപ്പിക്കപ്പെട്ട ബലി തന്നെ, പീഠത്തിൽ രക്തമയമല്ലാ ത്തവിധത്തിൽ പട്ടക്കാരന്റെ മദ്ധ്യസ്ഥ തമൂലം ആവർത്തിക്കപ്പെടുന്നതാകുന്നു. കു രിശിൽ തൊലിയാൽ മറെക്കപ്പെട്ടിരുന്ന ആ ശരീരവും ചോരയും ഇവിടെ അപ്പ ത്തിന്റെയും ദ്രാക്ഷാരസത്തിന്റെയും സാദൃശ്യങ്ങളാൽ മറെക്കപ്പെടുന്നു എന്നേ യുള്ളു. പിതാവിന്റെ കണ്ണുകളിൽ വി. കുർബ്ബാനയിലെ ഈശോമ്ശിഹാ, കുരി ശിൽ തൂങ്ങിയ ആൾ തന്നെയാകുന്നു. കു ർബ്ബാനയിലും ഈശോമ്ശിഹായുടെ മുറി വുകളും രക്തവും തന്നെ നമുക്കുവേണ്ടി ദയയും പാപമോചനവും പ്രാർത്ഥിക്കുന്നു. ആകയാൽ വിശുദ്ധ കുർബ്ബാന, ബലിവ സ്തുവിന്റെ ശ്രേഷ്ഠതയനുസരിച്ചു അള വില്ലാത്ത വിലയും യോഗ്യതയുമുള്ളതാ കുന്നു.

ദൈവത്തെസംബന്ധിച്ചു നാലു ക ടമകളെ വേദാചാരം തമ്മിൽ സ്ഥാപി

ക്കുന്നു. ൧. ദൈവം നമ്മുടെ സൃഷ്ടിതാവും പരമകർത്താവുമാകകൊണ്ടു നാം സർവ്വോപരി അങ്ങേ ബഹുമാനിക്കണം. ൨. ദൈവം നമ്മുടെ ഉത്തമ ഉപകാരിയാകകൊണ്ടു അങ്ങേനേരെ നാം കൃതജ്ഞതയുള്ളവരായിരിക്കണം. ൩. ദൈവം പാപികളായ നമ്മാൽ ഉപദ്രവിക്കപ്പെട്ടവനാകയാൽ ക്ഷമായാചനംചെയ്തു അങ്ങു നാം സന്തോഷിപ്പിക്കണം. ൪. ദൈവം സർവ്വഗുണങ്ങളുടെയും നിധിയാകകൊണ്ടു നാം അങ്ങുനിന്നു അനുഗ്രഹങ്ങളെ പ്രാർത്ഥിക്കണം. ഈ നാലുകടമകളെ നിവർത്തിപ്പാനായി പഴയനിയമത്തിൽ ദൈവം നാലുതരം ബലികളെ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. എന്തെന്നാൽ ൧. ആരാധനാബലി, ൨. കൃതജ്ഞതാബലി, ൩. പാപപരിഹാരബലി, ൪. അപേക്ഷാബലി. ഈ ബലികൾ, ആടുമാടുകളേയും ഭക്ഷണപാനീയങ്ങളേയും സമർപ്പിച്ചുകൊണ്ടു നിവർത്തിച്ചുവന്നു. എന്നാൽ പുതിയ നിയമത്തിൽ ബഹുവിധങ്ങളായ ആ ബലിവസ്തുക്കൾക്കു പകരം ഉപമിക്കപ്പെടുവാൻ വഹിയാത്ത ഉൽകൃഷ്ടതയോടുകൂടിയ ഏക ബലിവസ്തുവായി ദിവ്യകുഞ്ഞാടായ ഈശോമ്ശിഹായുടെ തിരുശരീരവും രക്തവും സ്വീകരിക്കപ്പെട്ടു. ഇതിനാൽ പുതിയ നിയമത്തിൽ ഏകബലിമാത്രമെയുള്ളൂ. ഇതിനു പഴയനിയമത്തിലെ നാലുതരം ബലികൾക്കും ഉണ്ടായിരുന്ന ശക്തികളെല്ലാം ഉത്തമപ്രകാരത്തിൽ ഉണ്ടായിരിക്കുന്നു. ശ്രേഷ്ഠമായ ഈ ഏക ബലികൊണ്ടു സൃഷ്ടിതാവിനോടു നമുക്കുള്ള മേല്പറഞ്ഞ നാലുകടമകളും ഉത്തമമായവിധത്തിൽ നിറവേറ്റുവാൻതാകുന്നു. ഇതിനാലാകുന്നു ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും കുർബ്ബാനകാണ്മാൻ നാം ശിക്ഷയിൻകീഴ് കല്പിക്കപ്പെട്ടുന്നത്.

ഈ ദിവസങ്ങളിൽ നാം കുർബ്ബാനയിൽ സംബന്ധിക്കുന്നതുകൂടാതെ, പ്രസംഗം, ഉപദേശം, ദിവ്യകാരുണ്യാശീർവ്വാദം, ആദിയായവകളിലും പങ്കുകൊള്ളേണ്ടതാകുന്നു. വിശിഷ്യ, ഈ ദിവസങ്ങളിൽ നാം ക്രമാശകളെ കൈക്കൊള്ളണം. നമ്മുടെ സ്ഥിതിക്കനുസരിച്ചുള്ള ഭക്തിയുടെയും ഉപവിയുടെയും പ്രവൃത്തികളെ ചെയ്യണം. എന്നാലും ഈ ദിവസം മുഴുവൻ ധർമ്മകൃത്യങ്ങളിൽ കഴിപ്പാൻ നിർബ്ബന്ധിതരാകുന്നില്ല, ഇതിന്റെ ഒരു ഭാഗം ഉചിതമായും ക്രിസ്തിയമായുമുള്ള വിശ്രമങ്ങൾക്കായി ചെലവിടുവാൻ നമുക്കു അനുവാദമുണ്ട്.

പ്രകൃതിമൂലമായോ ആചാരമൂലമായോ പള്ളിയിൽ പോകാൻ തടയപ്പെട്ടവർക്കു കുർബ്ബാനകാണ്മാൻ കടമില്ല. ആകയാൽ താഴെ പറയുന്നവർ കുർബ്ബാനകാണ്മാനുള്ള കടത്തിൽനിന്നു ഒഴിഞ്ഞവരാകുന്നു. രോഗികൾ, പള്ളിയിൽ പോകുന്നതായാൽ വീണ്ടു രോഗത്തിൽ ഉൾപ്പെടുമെന്നു ഭയപ്പെടുവാൻ തക്കവിധത്തിൽമാത്രം സ്വസ്ഥതപ്രാപിച്ചവർ, രോഗികളെ ശുശ്രൂഷിക്കുന്നവർ, വീട്ടും കുഞ്ഞുങ്ങളേയും സൂക്ഷിക്കുവാൻ മറ്റാരുമില്ലാത്തവർ, വീട്ടിൽ താമസിക്കണം എന്നു മാതാപിതാക്കന്മാരാകട്ടെ ഭർത്താക്കന്മാരാകട്ടെ, യജമാനന്മാരാകട്ടെ, ആവശ്യപ്പെടുന്നവർ, പള്ളിയിൽനിന്നു വളരെ അകലെ താമസിക്കുന്നവർ ഇങ്ങനെയുള്ളവർക്കു കുർബ്ബാനകാണ്മാൻ കടമില്ല.

പ്രിയ സഹോദരന്മാരെ നാം ഈ ശോമ്ശിഹായെ ഇപ്പോൾ ഏതുവിധം അറിയുന്നുവോ ആ വിധത്തിൽ അറിഞ്ഞുകൊണ്ടു, അവിടുന്നു ലോകരക്ഷക്കായി ഗാഗുൽത്താമലയിലെ കുരിശിൽ തന്നെത്തന്നെ ബലിയായി സമർപ്പിക്കുന്ന സമയത്തു പരിശുദ്ധ കന്യകയോടുകൂടെ നാമും അവിടെ ഉണ്ടായിരുന്നുവെങ്കിൽ ഒ! നമ്മുടെ ഭാഗ്യാതിരേകം എപ്രകാരമുള്ളതായിരുന്നേനെ. എന്നാൽ രക്തമയമല്ലാതെ പീഠത്തിൽ സമർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബ്ബാന എന്ന ദിവ്യ ബലിയിൽ നാം സംബന്ധിക്കുമ്പോഴൊക്കെയും നമ്മുടെ ഭാഗ്യം ഇതുതന്നെയാകുന്നു. ആകയാൽ കുർബ്ബാനയുടെ മുഖ്യഭാഗങ്ങളിൽ പ്രത്യേകിച്ചു, എഴുന്നെള്ളിപ്പിന്റെ സമയത്തിൽ നമ്മുടെ ഭക്തിയേയും തീഷ്ണതയേയും നാം ദ്യോതിപ്പിക്കേണ്ടതാകുന്നു. അപ്പോൾ നമ്മുടെ സ്നേഹത്തെ പ്രതി രക്തം ചിന്തുന്നവനായി കുരിശിൽ ഉയർത്തപ്പെട്ട ഈശോമ്ശിഹായെ ഭക്തിപൂർവ്വം നാം സൂക്ഷിച്ചുനോക്കണം. കടശ്ശായി, ന്യായാധിപനും കടമുള്ള ത

രുന്നാളുകളും ശുദ്ധമായാചരിക്കാഞ്ഞാൽ ഈ ലോകത്തിൽ തന്നെ സംഭവിക്കുന്നതായി ഒരു ദൈവഭക്തൻ പറഞ്ഞിരിക്കുന്ന ഒരു ദോഷത്തെ ഞാൻ നിങ്ങളേ ട്ട അറിയിക്കുന്നു. അദ്ദേഹം പറയുന്നതു് ദരിദ്രനാകുന്നതിനു നിശ്ചയമുള്ള രണ്ടു മാർഗ്ഗങ്ങളെ ഞാൻ അറിയുന്നു. അവയിൽ ഒന്നു മോഷണം ചെയ്യുന്നും, മറ്റതു് ഞായറാഴ്ച ദിവസം വേല ചെയ്യുന്നുമാകുന്നു. എന്നാൽ പരലോകത്തിലും ദരിദ്രനാകുന്നതിനു നിശ്ചയമുള്ള മാർഗ്ഗമാകുന്നു എന്നു തീർച്ചയായി പറയാം.

Y5ദ്ദ .2 .ച

രണ്ടു വനവാസികൾക്കു നേരിട്ട പരീക്ഷ.

—

ദൈവശ്രേഷ്ഠികളായ രണ്ടു വനവാസികളെ നശിപ്പിച്ചു നരകത്തിൽ അകപ്പെടുത്തുന്നതിനു പിശാചു ചെയ്ത ഒരു ചതിപ്രയോഗത്തെപ്പറ്റി വനവാസികളുടെ ചരിത്രത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനെ കൃസുമവായനക്കാരുടെ അറിവിനായി ഇവിടെ പ്രസ്താവിക്കുന്നു. പൂർവ്വകാലത്തു വനത്തിൽ സഞ്ചരിച്ചുകൊണ്ടും ലോകസംസർഗ്ഗങ്ങളൊക്കെ ത്യജിച്ചുകൊണ്ടും ദൈവത്തോടുള്ള പൂർണ്ണൈകൃത്തിൽ ഭാഗ്യജീവിതം കഴിച്ചിരുന്ന അനേകായിരം മഹാത്മാക്കളുടെ ഉത്തമദൃഷ്ടാന്തമനുസരിച്ചു ജീവിപ്പാനായി ജ്യേഷ്ഠാനുജന്മാരായ രണ്ടു യുവാക്കൾ വനത്തിൽ ചെന്നു ചേർന്നു. ഇവർ രണ്ടുപേരും ദൈവശ്രേഷ്ഠിയിൽ താല്പര്യമുള്ളവരും പലവിധ പുണ്യാഭ്യാസങ്ങൾ ചെയ്യുന്നവരുമായിരുന്നു. ജ്യേഷ്ഠനേക്കാൾ അനുജൻ അധിക തപസ്സുകളും ഭക്തികൃത്യങ്ങളും നടത്തിവന്നിരുന്നു. ഇങ്ങനെയിരിക്കെ ഒരു ദിവസം ഒരു പിശാചു പ്രകാശമുള്ള ദൈവദൂതന്റെ രൂപത്തിൽ ജ്യേഷ്ഠനു കാണപ്പെട്ട് "നിന്നോടു ദുഃഖകരമായ ഒരു സംഗതി അറിയിപ്പാൻ ദൈവം എന്നെ യാത്രയാക്കിയിരിക്കുന്നു; നിന്റെ അനുജൻ മഹാ ഭക്തിയോടെ ജീവിക്കുന്നുണ്ട്; വളരെ പുണ്യപ്രവൃത്തികളെ ചെയ്യുവരുന്നുമുണ്ടു്; എന്നാലും ഒടുവിൽ അവൻ നശിച്ചുപോകും; നശിച്ചുപോകുന്നവരുടെ കൂട്ടത്തിൽ അവന്റെ പേർ എഴുതപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞു. വഞ്ചനയേറിയ ഈ അറിയിപ്പു കേട്ടശേഷം പിശാചു മറഞ്ഞുപോയി. ജ്യേഷ്ഠൻ ഇവയെല്ലാംകേട്ടു വളരെ സങ്കടം അനുഭവിച്ചുവെങ്കിലും കായ്മ രഹസ്യമായി സ്വന്തഹൃദയത്തിൽ കാത്തിരുന്നു. അനുജനെ കാണുമ്പോഴൊക്കെയും മഹാ ദുഃഖഭാവം കാണിച്ചുതുടങ്ങി. ഭാവപ്പകർച്ച ഉണ്ടാകുന്നതു എന്തുകൊണ്ടാണെന്നു അനുജൻ പലപ്രാവശ്യം ചോദിച്ചിട്ടും ജ്യേഷ്ഠൻ രഹസ്യം കാത്തു മിണ്ടാതെ നടന്നിരുന്നു. ഒടുവിൽ ഒരുദിവസം അനുജൻ വളരെ നിർബ്ബന്ധപൂർവ്വം അപേക്ഷിച്ചുകൊണ്ടു ജ്യേഷ്ഠന്റെ പക്കൽ അടുത്തുകൂടി. ഒടുവിൽ നിർബ്ബന്ധപ്പെട്ട സംഗതി വെളിപ്പെടുത്തി. "നീ ഇപ്പോൾ മഹാപുണ്യപ്പെട്ടവനായി ജീവിക്കുന്നുവെങ്കിലും അവസാനത്തിൽ നീ നശിച്ചുപോകുമെന്നു ദൈവം മാലാഖയെ അയച്ചു എന്നോടറിയിച്ചിട്ടുണ്ടു്" എന്നു വ്യക്തമായി പറഞ്ഞു. പട്ടാങ്ങയായ ദൈവസ്നേഹത്താൽ ഹൃദയം നിറഞ്ഞിരുന്ന അനുജൻ അപ്പോൾ ഈവിധം മറുപടി പറഞ്ഞു. "ജ്യേഷ്ഠൻ ഇതിനെപ്പറ്റി ഒട്ടും വ്യസനിക്കണ്ട; ഞാൻ ദൈവത്തെ സ്നേഹിച്ചുകൊണ്ടു ജീവിച്ചശേഷം നശിച്ചുപോകുന്നെങ്കിൽ നശിച്ചുപൊയ്ക്കൊള്ളട്ടെ; ഇതിനിക്കു തീരെ സങ്കടമില്ല; ഈ അറിയിപ്പുകൊണ്ടു ഞാൻ എന്റെ പുണ്യപ്രവൃത്തികളെ ഉപേക്ഷിക്കയാകട്ടെ, അവയിൽ അമാന്തം വിചാരിക്കയാകട്ടെ ചെയ്യുന്നതുമല്ല; ഞാൻ സുനിശ്ചയമായ ദൈവത്തെ സ്നേഹിക്കുന്നതു മോക്ഷഭാഗ്യത്തെ മോഹിച്ചിട്ടുമല്ല, നരകശിക്ഷയെ പേടിച്ചിട്ടുമല്ല; ദൈവം നമ്മുടെ മുഴുഹൃദയത്തോടെ സ്നേഹിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നതുകൊണ്ടു മാത്രമാകുന്നു." സ്വന്തലാഭത്തെയും നഷ്ടത്തെയും ഗണ്യമാക്കാതെ സുനിശ്ചയമായ ദൈവത്തെ മുഴുഹൃദയത്തോടെ സ്നേഹിച്ചിരുന്ന സാക്ഷാൽ ദൈവഭക്തനായ ഈ വനവാസിയുടെ മറുപടി ദൈവദൂഷിയിൽ വളരെ തൃപ്തികരമായിരുന്നു. ഇതിനാൽ

അന്നുതന്നെ ദൈവം ഒരു മാലാഖായെ ജ്യേഷ്ഠൻവനവാസിയുടെപക്കൽ അയച്ച് ആദ്യം കാണപ്പെട്ടതു പിശാചായിരുന്നു എന്നും അവൻ പറഞ്ഞിട്ടുള്ളതു മഹാ വഞ്ചനയാണെന്നും, അനുജൻ തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടിരിക്കുന്നുവെന്നും അറിയിച്ചു. അപ്പോൾ ജ്യേഷ്ഠാനുജന്മാർ രണ്ടുപേരും ഈ വഞ്ചനയിൽനിന്നും ദൈവം തങ്ങളെ രക്ഷിച്ചതിനെക്കുറിച്ചു കൃതജ്ഞതയോടെ സ്തോത്രംചെയ്തു.

ഈ സംഭവത്തിൽനിന്നു നാം ചില സംഗതികൾ അറിയേണ്ടതുണ്ട്.

൧. ഭക്തിയുള്ള ആത്മാവുകളെ ചതിക്കുന്നതിനു പിശാചു പ്രയോഗിക്കുന്ന പരീക്ഷകളിൽ ഏറ്റം ശക്തിയുള്ളതും സഹിപ്പാൻ പ്രയാസമുള്ളതുമായ പരീക്ഷ ശരണക്കേടിനുള്ളത്തായ പരീക്ഷയാണ്. എന്തു നന്മചെയ്താലും ഒടുവിൽ നശിച്ചുപോകും എന്നുള്ള വിചാരം നരകതീയിൽ പഴുപ്പിച്ച തിശൂലംപോലെ ചില പാവപ്പെട്ട ആത്മാക്കളെ കുത്തിവ്യസനിപ്പിക്കുന്നുണ്ട്. വിശുദ്ധ ഫ്രാൻസീസ്കോസ് ദെസാലേസ്, വി. അല്ഫോൻസ് റൊദ്രീഗെസ് മുതലായ പുണ്യാത്മാക്കളെക്രൂടെയും ഈ കഠിനപരീക്ഷ ചില കാലത്തേക്കു ബാധിച്ചിട്ടുള്ളതായി അവരുടെ ജീവചരിത്രങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. ഈ ഭയങ്കര പരീക്ഷസമയത്തു ദൈവനീതിയേയും ദൈവവിധികളുടെ അഗാധത്തേയും വിചാരിച്ചു അടിവിട്ടു അന്ധാളിച്ചു പോകുന്ന പാപപ്പെട്ട ആത്മാക്കൾക്കു് ഉറപ്പായി പിടിച്ചു നില്ക്കുന്നതിനു മഹാസങ്കേതമായ ഒരു പാറയുണ്ട്. ഈ മഹാവലിയ സങ്കേതം നമ്മുടെ അമ്മയായ പരിശുദ്ധ കന്യാസ്ത്രീ മറിയമാകുന്നു. ദൈവമാതാവും നമ്മുടെ സ്നേഹംനിറഞ്ഞ അമ്മയുമായ ആ നാഥയുടെ പക്കൽ അണഞ്ഞുകൊണ്ടു "ഏതുയും ദയയുള്ള മാതാവെ!" എന്നുള്ള ജപമോമറോ ഹൃദയപൂർവ്വമായ ഭക്തിയോടുകൂടെ ചൊല്ലി അപേക്ഷിച്ചാൽ ആ മാതാവു സകല പരീക്ഷകളിൽനിന്നും നമ്മെ രക്ഷിക്കും. മേല്പറയപ്പെട്ട വിശുദ്ധ അല്ഫോൻസ് റൊദ്രീഗെസ് ഈ ഭയങ്കര ശരണക്കേടിനുള്ളത്തായ പരീക്ഷയാൽ ബാധിക്കപ്പെടുകയിൽപരിശുദ്ധകന്യകമറിയത്തിന്റെ സങ്കേതം തേടി അപേക്ഷിച്ചുകൊണ്ടിരുന്നു. അപ്പോൾ ദയനിറഞ്ഞ ആ മാതാവു് അദ്ദേഹത്തിനു കാണപ്പെട്ടു. "മകനെ! ഞാൻ ഉള്ളകാലത്തു് നീ ഭയപ്പെടണ്ട" എന്നരുളിച്ചെയ്തു് ആശ്വസിപ്പിച്ചു.

൨. മോക്ഷാനന്ദവീട്ടിൽ ചെന്നു ചേരുന്നതിനുള്ള രാജവഴി ദൈവസ്നേഹമാകുന്നു. ആകയാൽ പട്ടാങ്ങയായി ദൈവത്തെ സ്നേഹിക്കുന്നആത്മാവു ഈ സ്നേഹത്തിൽ നിലനിന്നാൽ ഒരുനാളും നശിച്ചുപോകുവാൻ പാടില്ല. എന്നാൽ പട്ടാങ്ങയായ ദൈവസ്നേഹമുള്ളവനിൽ ക്രൂടപ്പിറപ്പുസ്നേഹവുമുണ്ട്. യാതൊരുത്തൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറകയും, കാണപ്പെട്ട ക്രൂടപ്പിറപ്പിനെ ദ്വേഷിക്കയും ചെയ്യുന്നുവെങ്കിൽ, അവൻ കള്ളഭക്തിക്കാരനാകുന്നുവെന്നു വിശുദ്ധ യോഹന്നാൻ ഏവൻഗേലീസ്റ്റാ പഠിപ്പിക്കുന്നു. ഇപ്രകാരമുള്ള ഉപന്നക്കൂടാതെ പട്ടാങ്ങയുള്ള ഉപവിയിൽ നിൽക്കുന്നവൻ ദൈവത്തിൽതന്നെ നിൽക്കുന്നു. ആസ്ഥിതിയിൽ നിലനിന്നാൽ അവൻ നശിച്ചുപോകുവാൻ പാടില്ലാത്തതുമാകുന്നു.

൩. ദൈവസ്നേഹം രണ്ടു വിധത്തിലുണ്ട്. ദൈവം നമുക്കു മോക്ഷാനന്ദഭാഗ്യം തരുവാൻവേണ്ടിയും അവിടുന്നു പാപികൾക്കു നിയമിച്ചിരിക്കുന്ന നരകശിക്ഷയിൽനിന്ന് ഒഴിവാൻവേണ്ടിയും അങ്ങേ സ്നേഹിക്കുന്നതും പ്രമാണങ്ങൾ കാത്തു ജീവിക്കുന്നതും ഒന്നാമത്തെ വിധമാണ്. ഇതു സ്വന്തലാഭത്തെ ഉദ്ദേശിച്ചുള്ള സ്നേഹമെന്നു പറയപ്പെടും. എന്നാൽ മോക്ഷത്തെ ആശിച്ചിട്ടും നരകത്തെ പേടിച്ചിട്ടുമല്ല, ദൈവം അളവില്ലാത്ത സകല നന്മസ്വരൂപിയായിരിക്കയാലും നമ്മുടെ മുഴുസ്നേഹത്തിനു അവിടുന്നു യോഗ്യനായിരിക്കയാലും, നമ്മെ സൃഷ്ടിച്ചു രക്ഷിച്ചു പരിപാലിച്ചുവരുന്ന സ്നേഹംനിറഞ്ഞ പിതാവായിരിക്കയാലും മുഴുഹൃദയത്തോടെ അങ്ങേ സ്നേഹിക്കുന്നതു രണ്ടാമത്തെ വിധമാകുന്നു. ഇതു് ഒന്നാമത്തേതിനേക്കാൾ ഏറ്റം ശ്രേഷ്ഠമായതുമാണ്. വി. ഫ്രാൻസിസ്കോസ് ശവരിയാർ

മുതലായ അനേക പരിശുദ്ധന്മാർ തൈവത്തെ ഇങ്ങനെയുള്ള ഉത്തമവിധത്തിലാണ സ്നേഹിച്ചിട്ടുള്ളത്. മേൽപറയപ്പെട്ട ഖനവാസിയും തൈവത്തെ ഈ ഉത്തമവിധത്തിലത്രെ സ്നേഹിച്ചിരുന്നു. എന്നാൽ ഒന്നാമത്തെ വിധത്തിലുള്ള സ്നേഹവും നിത്യരക്ഷയ്ക്കു മതിയാകുന്നതാകുന്നു.

ഫ. ഫ്ലേ . ൨ . ൮

തിരുസഭാചരിത്ര സംഗ്രഹം.

ഒന്നാം ശതാബ്ദം.

ശ്ലീഹന്മാർ.

(തുടർച്ച.)

ചോ. വിശുദ്ധ ബർത്തലൂമ്മൈ ആരായിരുന്നു?

ഉ. വിശുദ്ധ ബർത്തലൂമ്മൈ ശ്ലീലാക്കാരനായിരുന്നു. പന്തക്കുസ്താളുടെ (അമ്പതാം തിരുനാളിന്റെ) ശേഷം കിഴക്കുള്ള ഏറ്റവും കാട്ടാളന്മാരായ ജാതിക്കാരുടെയിടയിൽ സഞ്ചരിച്ചു സുവിശേഷം പ്രസംഗിക്കയും ഒടുവിൽ അർമ്മേനിയായിൽവന്നു തൈവത്തെപ്രതി കൊല്ലപ്പെടുകയും ചെയ്തു.

ചോ. വിശുദ്ധ മത്തായി ആരായിരുന്നു?

ഉ. വിശുദ്ധ മത്തായി ഒരു ചുങ്കക്കാരനായിരുന്നു. ഈശോ അയാളെ ചുങ്കസ്ഥലത്തുനിന്നു വിളിച്ചു അങ്ങേ ശിഷ്യഗണത്തിൽ ചേർത്തു. പന്തക്കുസ്തായുടെ ശേഷം ആഫ്രിക്കയിൽപോയി സുവിശേഷം അറിയിക്കയും അവിടെവച്ചു വേദസാക്ഷിമുടി പ്രാപിക്കയും ചെയ്തു.

ചോ. വിശുദ്ധ ശെമഓൻ ആരായിരുന്നു?

ഉ. വിശുദ്ധ ശെമഓൻ ശ്ലീലായിൽ കാനാ പട്ടണവാസിയായിരുന്നു. അദ്ദേഹം പേഷ്യായിൽ സത്യവേദം പരത്തുകയും അവിടെ വിഗ്രഹാരാധനക്കാരായ ചില ആചാര്യന്മാരുടെ ദുരാലോചനപ്രകാരം വേദത്തെപ്രതി കൊല്ലപ്പെടുകയുണ്ടായി.

ചോ. വിശുദ്ധ യൂദാ ആരായിരുന്നു?

ഉ. വിശുദ്ധ യൂദാ, വിശുദ്ധ ചെറിയ യാക്കോ ശ്ലീഹായുടെ സഹോദരനായിരുന്നു. ഇദ്ദേഹത്തിനു തദ്ദേയനെന്നും ലെബ്ബെയെന്നും പേരുണ്ട്. അദ്ദേഹം ലീബിയായിൽ പ്രസംഗിച്ചശേഷം ഓർശ്ലേമിൽ പിന്തിരികയും അതിന്റെ ശേഷം എല്ലാ പള്ളികൾക്കുംകൂടി ഒരു പൊതുലേഖനം നിക്കൊലൈട്ടസ്, ഗ്നൊസ്റ്റിക്കുസ് മുതലായ ഇടത്തുട്ടുകളിൽ വീഴാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളണമെന്നു ഉപദേശിച്ചുകൊണ്ടു എഴുതുകയും ഒടുവിൽ അർമ്മേനിയായിൽവച്ചു രക്തസാക്ഷിയുടെ കിരീടം ലഭിക്കയും ചെയ്തു.

ചോ? വിശുദ്ധ മത്യാസ് ആരായിരുന്നു?

ഉ. വിശുദ്ധ മത്യാസ് ദിവ്യരക്ഷകനെ ബെത്സഹം പുൽക്കൂട്ടിൽ ആരാധിപ്പാൻവന്ന ഭാഗ്യപ്പെട്ട ഉടയന്മാരിൽ ഒരാളായിരുന്നു എന്നാണ് പാരമ്പര്യം പറയുന്നതു പിന്നീട കർത്താവിന്റെ എഴുപത്തിരണ്ടു ശിഷ്യരിൽ ചേരുകയും കടശി യൂദാസ്ക്കാരിയോത്തായിക്കു പകരം പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവനായി തെരഞ്ഞെടുക്കപ്പെടുകയും ഉണ്ടായി. ഇദ്ദേഹവും മറ്റു ശ്ലീഹന്മാരെപ്പോലെ പലെ രാജ്യങ്ങളിലുംപോയി സുവിശേഷം അറിയിക്കയും ഒടുവിൽ എത്തിയോപ്യായിൽ വന്നു വിശ്വാസപ്രചാരത്തിനായി വളരെ ബുദ്ധിമുട്ടുകയും അവിടെവച്ചു വേദസാക്ഷിത്വം പ്രാപിക്കയുംചെയ്തു.

ചോ. ഏവൻഗേലീസ്റ്റന്മാർ എത്ര പേരാകുന്നു?

ഉ. ഏവൻഗേലീസ്റ്റന്മാർ വിശുദ്ധ മത്തായി, വിശുദ്ധ മർക്കോസ്, വിശുദ്ധ ലൂക്കാ, വിശുദ്ധ യോഹന്നാൻ എന്ന ഈ നാലുപേരാകുന്നു. അവരിൽ ഓരോരുത്തരും നമ്മുടെ കർത്താവിന്റെ ജീവിതവൃത്താന്തങ്ങൾ എഴുതിട്ടുള്ളതിനാലാണ് ഏവൻഗേലീസ്റ്റന്മാർ എന്ന അവർക്കു പേർ സിദ്ധിച്ചതു്.

ഫ. ഫ്ലേ . ൨ . ൮

കൊച്ചുത്രേസ്യാസഹോദരിയുടെ രോസപുഷ്പങ്ങൾ.

ഇപ്പോൾ ലോകമെങ്ങും അനേകം അത്ഭുതങ്ങളെ ചെയ്തുകൊണ്ടിരിക്കയും ആവരുടേയും സ്നേഹത്തിനും ഭക്തിക്കും വിഷയമായി തീർന്നിരിക്കയും ചെയ്യുന്ന കൊച്ചുത്രേസ്യാ എന്നപുണ്യവതി ഫ്രഞ്ചുമകരം ൨—ാംനു- പ്രാൺസ് രാജ്യത്തിൽ അലെൻകോൻ എന്ന സ്ഥലത്തു പിറന്നു. ൪വയസ്സു പ്രായമായിരിക്കയിൽ ലിസിയു എന്ന പട്ടണത്തിലെ കർമ്മലീത്താനിഷ്പാദുക കന്യകാശ്രമത്തിൽ പ്രവേശിച്ചു "ഉണ്ണി ഈശോയുടേയും തിരുമുഖത്തിന്റേയും ത്രേസ്യാ" എന്നു പേരുവിളിക്കപ്പെട്ടു. അനേകം വിശുദ്ധന്മാരുടെ ചരിത്രങ്ങളിൽ പറയപ്പെട്ടുന്ന അസാധാരണ ജപധ്യാനങ്ങളും തപഃക്രിയകളും ഈ കന്യകയിൽ കാണപ്പെട്ടിരുന്നില്ല. പുണ്യപൂർണ്ണത പ്രാപിപ്പാൻ താൻ തെരഞ്ഞെടുത്തിരുന്ന മാർഗ്ഗം "ദൈവത്തിലുള്ള അധിക മനോവിശ്വാസവും അല്പകാര്യങ്ങളിൽ ക്രുടിയും ഉണ്ടായിരുന്ന പൂർണ്ണമായ സ്വയപരിത്യാഗവും" ആയിരുന്നു. ഈ വഴിയിൽക്കൂടെ ഏറ്റവും ഉത്സാഹപൂർവ്വം നടന്ന ശ്രീത്രേസ്യത്തിൽ ഉയർന്ന പുണ്യപദവിയിലെത്തി. ക്രൂശൻറെ കന്നി൯൮—ാംനു- തന്റെ ൨൪ാമത്തെ വയസ്സിൽ ഭാഗ്യമായ മരണം പ്രാപിച്ചു.

ഈ പുണ്യവതി ജീവിച്ചിരുന്നപ്പോൾ ഇപ്രകാരം പറഞ്ഞിരുന്നു. "എനിക്കു മൂന്നുവയസ്സു പ്രായമായിരിക്കയിൽ തുടങ്ങി എന്റെ നല്ലദൈവം ആവശ്യപ്പെട്ടതു യാതൊന്നും ഞാൻ നിഷേധിച്ചിട്ടില്ല. ഭൂമിയിൽ എന്റെ സ്വന്തമനസ്സിനെ ഒരിക്കലും ഞാൻ ചെയ്തിട്ടില്ലാത്തതിനാൽ, സ്വർഗ്ഗത്തിൽ ഞാൻ ആഗ്രഹിക്കുന്നതൊക്കയും ദൈവം ചെയ്യും. എന്റെ മരണശേഷം രോസപുഷ്പങ്ങളുടെ ഒരു മഴയെ ഞാൻ വർഷിക്കും. ഭൂമിയിൽ നന്മചെയ്യുന്നതിൽ എന്റെ സ്വർഗ്ഗീയ ജീവിതത്തെ ഞാൻ ചെലവഴിക്കും."

ഈ പുണ്യവതിയുടെ മദ്ധ്യസ്ഥതവഴിയായി ലഭിച്ചുകൊണ്ടിരിക്കുന്ന അനേക രോഗശമനങ്ങളും മറെറാരോ സഹായങ്ങളും, തന്റെ ഈ വാക്കുകൾ എത്രശരിയായി നിറവേറിയിരിക്കുന്നു എന്നു തെളിവായി സാക്ഷിക്കുന്നുണ്ട്. ഒരുവർഷത്തിനിടയിൽ രണ്ടു അനുഗ്രഹങ്ങൾ ഈ കന്യകമൂലം ലഭിച്ചതായി ഗ്ലാസ്ഗോയി (Glasgow) ലെ ഒരു പത്രം പ്രസ്താപിക്കുന്നു.

൧൯൦൯ാം ആണ്ടിൽ തന്നെ ഈ പുണ്യവതിയുടെ ഒരുലക്ഷത്തിലധികം പടങ്ങളും, ഉദ്ഗാഠത്തിൽപരം മറെറാരോ ജ്ഞാപകങ്ങളും പലസ്ഥലങ്ങളിലും നിന്നു ആവശ്യപ്പെട്ടതിൽനിന്നും ലോകത്തിലുള്ള പ്രധാന ഭാഷകളിലെല്ലാം ആ ഭാഗ്യവതിയുടെ ചരിത്രം അച്ചടിക്കപ്പെട്ടിരിക്കുന്നതിൽ നിന്നും ആ കന്യകയുടെ നേരെയുള്ള ഭക്തിയും ശരണവും എത്തുമാത്രം പരന്നിരിക്കുന്നു എന്നു ഊഹിക്കാവുന്നതാണു.

ഈ കന്യകയെ ഭാഗ്യപ്പെട്ടവൾ എന്ന നാമകരണം ചെയ്യേണ്ടതിലേക്ക് തിരുസംഘത്തിന്റെ മുമ്പാകെയുള്ള അപേക്ഷയെ പരിശുദ്ധ പിതാവു ൧൦—ാം പിയൂസ് മാർപ്പാപ്പാ അംഗീകരിക്കയും വിസ്താരം ആരംഭിക്കയും ചെയ്തിരിക്കുന്നു.

ഈ പുണ്യവതി സ്വന്തവാശത്തെ നിറവേറി ലോകത്തിലേക്കു ദിവസേന വർഷിച്ചുകൊണ്ടിരിക്കുന്നു, അതിശയിക്കത്തക്ക രോസപുഷ്പങ്ങളിൽ (അത്ഭുതങ്ങളിൽ) നിന്നു ചിലതു എടുത്തു താഴെ ചുരുക്കി കാണിക്കുന്നു.

൧. കൊച്ചുത്രേസ്യാ സഹോദരി ഒരാൾക്കു കേൽവി നൽകിയ വൃത്താന്തം.

അൈർലണ്ടിൽ വാട്ടർഫോഡ് എന്ന പട്ടണത്തിലുള്ള വി. ഡൊമ്മിനിക്കോസിന്റെ സഭക്കാരായ കന്യാസ്ത്രീകളുടെ മഠത്തിൽ നിന്നും ടി. കന്യകമാരുടെ പൊതു ശ്രേഷ്ഠ ഇപ്രകാരം എഴുതുന്നു.

കഴിഞ്ഞ കർക്കടകമാസാവസാനത്തിൽ ഞങ്ങളുടെ പതിവുള്ള മുഴുവൻ ധ്യാനം കഴിക്കേണ്ട സമയമായിരുന്നു. എന്നാൽ എന്റെ ചെവിയുടെ കേൽവി അശേഷം പൊയ്പോയിരുന്നതിനാൽ ഈ കഴിഞ്ഞ മുപ്പത്തഞ്ചു സംവത്സരങ്ങൾക്കിടയിൽ പ്രസംഗംപോലും കേൾക്കുന്നതിനു കഴിഞ്ഞിരുന്നില്ല. തന്നിമിത്തം

എന്റെ മുഴുവൻ ധ്യാനം തനിച്ചു കഴിക്കയാണു പതിവായിരുന്നതു. എന്നാൽ ഈ കൊല്ലം ഞാൻ ശേഷംപേരുടെയും ധ്യാനിപ്പാൻ ഇടയാക്കണമെന്നു സഹോദരിമാർ "ഈശോയുടെ ചെറിയ കുസുമം" എന്നു വിളിക്കപ്പെട്ടന്ന കൊച്ചുത്രേസ്യായോടു അപേക്ഷിക്കയുണ്ടായി. ഇതിനാൽ ധ്യാനാരംഭത്തിൽ തന്നെ പറയപ്പെട്ട ഉപദേശത്തിൽ ഏതാനുമൊക്കെ കേൾക്കുന്നതിനു എനിക്കു സാധിച്ചു. രണ്ടുമൂന്നു ദിവസംകൂടെ കൊച്ചുത്രേസ്യായോടു അപേക്ഷിച്ചതോടുകൂടി എനിക്കു പൂർണ്ണകേൾവി സിദ്ധിക്കയും, ധ്യാനത്തിൽ പറഞ്ഞ എല്ലാ ഉപദേശങ്ങളും കേൾക്കുന്നതിനു ഇടയാകുകയും ചെയ്തു.

എന്നു സഹോദരി മരിയ അന്ന.

൨. സന്താനം ഇല്ലാതിരുന്ന ഒരു കുടുംബത്തിനു പുത്രലാഭം വന്ന വിവരം.

ഇംഗ്ലണ്ടിലെ ഒരു കമ്മലീത്താമഠത്തിൽനിന്നു ഒരു സഹോദരി ഇപ്രകാരം എഴുതുന്നു:— കഴിഞ്ഞ തുലാമാസത്തിൽ ഞങ്ങളുടെ ഉപശ്രേഷ്ഠയുടെ സഹോദരനും അയാളുടെ ഭാര്യക്കും വേണ്ടി ഒരു നവനാൾ ജപം കഴിക്കേണമെന്നു അവർ ഞങ്ങളോടാവശ്യപ്പെട്ടു. ഇവർ വിവാഹം കഴിച്ചിട്ടു അനേക കൊല്ലങ്ങൾ കഴിഞ്ഞിട്ടും അവക്കു ഒരു സന്താനവും ഉണ്ടായിരുന്നില്ല. എന്നു മാത്രമല്ല സ്വാഭാവികമായി ഇനി അവക്കു ഒരു കുട്ടിയുണ്ടാകുക അസാദ്ധ്യമെന്നു വൈദ്യന്മാർ നിശ്ചയിക്കയും ചെയ്തു. എങ്കിലും ഞങ്ങൾ അവരുടെ ഉദ്ദേശസാദ്ധ്യത്തിനായി നമ്മുടെ കൊച്ചുത്രേസായോടു ഒരു നവനാൾ ജപം കഴിക്കയും അവരും ഈ പുണ്യവതിയോടു വിശ്വാസപൂർവ്വം അപേക്ഷിക്കയും ചെയ്തു. ഇതിന്റെ ഫലമായി എത്രയും ഉത്തമനായ ഒരു കുട്ടി അവക്കു ലഭിക്കുകയുണ്ടായി.

?൦൯ .൨ .൫

മാർ അപ്രേം.

പൂർവ്വവിശ്വാസാചാരങ്ങളെ അറിയുന്നതിനു (Patrology) പൂർവ്വസഭാപിതാക്കന്മാരെ സംബന്ധിച്ചുള്ള പൈതൃകശാസ്ത്രജ്ഞാനം വളരെ സഹായിക്കുന്നതാകുന്നു. ഒരു സഭാപിതാവിന്റെ ജീവചരിത്രം കൊണ്ടും പ്രസംഗങ്ങൾകൊണ്ടും, അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾകൊണ്ടും അദ്ദേഹം ജീവിച്ച കാലത്തിന്റെ ഒരു ചരിത്രസംക്ഷേപം നമുക്കു അറിയാവുന്നതാണ്.

പൈതൃകശാസ്ത്രം പൊതുവിൽ എല്ലാവരും അറിഞ്ഞിരിക്കേണ്ടതായിരുന്നാലും, സുറിയാനിസമുദായക്കാർ തങ്ങളുടെ സഭാപിതാക്കന്മാരുടെ ജീവചരിത്രവും അവർ എഴുതിയിട്ടുള്ള കൃതികളുടെ സാരാംശവും പ്രത്യേകം അറിഞ്ഞിരിക്കണം. മാർ അപ്രേം സുറിയാനിസഭയിൽ എന്നല്ല, പൌരസ്ത്യ സഭകളിൽ പോലും ഏറ്റം വിശ്രുതനായ വാഗ്മിയും കവിയും പ്രാഖ്യാതവേദപാരഗനും ആകുന്നു. സുറിയാനിസഭയിലെ പ്രമുഖനായ പ്രഥമവേദശാസ്ത്രിയും അദ്ദേഹമാകുന്നു. ഇദ്ദേഹം നാലാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ റൈഗ്രിസു നദീതീരത്തിലെ ഒരു പ്രധാന നഗരമായ നിസിബിനിൽ ജാതനും, സുറിയാനിസഭയുടെ മറെറാരു പ്രധാന വേദപാരഗനായ മാർ യാക്കോബ് നിസിബിനിന്റെ യോഗ്യശിഷ്യനും അദ്ദേഹത്തോടുകൂടെ നിക്യാ സൂനഹദോസിൽ സംബന്ധിച്ചിട്ടുള്ളയാളും ആകുന്നു. മാർ അപ്രേമിന്റെ ആശ്ചര്യകരമായ പ്രപഞ്ചനിന്ദയും അപൂർവ്വ തപസ്സും ആലോചിച്ചാൽ ഇദ്ദേഹം ഒരു പൌരസ്ത്യ പ്രാൻസിസ് അസീസിയും അദ്ദേഹത്തിന്റെ വിസ്മയജനകമായ വാക്പാടവും ഹൃദയഭേദകങ്ങളായ പ്രസംഗങ്ങളും നോക്കിയാൽ ഒരു പ്രാചീനബഞ്ചർട്ടും ആകുന്നു. മാർ അപ്രേം രചിച്ചിട്ടുള്ള കാവ്യഗദ്യഗ്രന്ഥങ്ങളുടെ ബാഹുല്യം കണക്കാക്കുന്നതായാൽ ഇദ്ദേഹത്തിന്റെ ആയുഷ്കാലം മുഴുവൻ ഗ്രന്ഥനിർമ്മാണത്തിനായി ചെലവു ചെയ്തു എന്നു പറയണം.

ഇദ്ദേഹം മോശയുടെ പഞ്ചോഗമത്തിലെ ആദ്യപുസ്തകം മുതൽ പുതിയ നിയമത്തിന്റെ അവസാനപുസ്തകം വരെ ഓരോന്നിന്മേൽ വ്യാഖ്യാനങ്ങൾ ഏ

റ്റം വ്യത്യസ്തമായി എഴുതിയിട്ടുണ്ട്. എന്നാൽ ഇതു സാധാരണ വ്യാഖ്യാനസമ്പ്രദായത്തിലല്ല, അക്ഷരം പ്രതിയുള്ള വ്യാഖ്യാനമാകുന്നു. ഇതിനെ സംബന്ധിച്ചു പ്രസിദ്ധ വേദപാരഗനായ ഗ്രിഗോരി നൈസികൻ പറയുന്നതു് "അദ്ദേഹം (മാർ അപ്രേം) പഞ്ചാഗമം ആദ്യപുസ്തകം തുടങ്ങി പുതിയ നിയമം അവസാനപുസ്തകംവരെ വേദാഗമങ്ങളെ അസക്തിപൂർവ്വം വിമർശനപാരായണം ചെയ്തു. പരിശുദ്ധാത്മാവു് അദ്ദേഹത്തിൽ നിറച്ചിരുന്ന പ്രകാശത്താൽ അവകളെ എല്ലാം സ്പഷ്ടീകരിച്ചു എന്നാണ്".

പൌരസ്യന്മാരായ പല ഗ്രന്ഥകാരന്മാരും ഇപ്രകാരം തന്നെ സാക്ഷിക്കുന്നു. വിശിഷ്യ മാർ അപ്രേമിന്റെ വേദാഗമവിവരണം ഏറ്റവും വ്യുല്പന്നമായുള്ളതും, അക്ഷരംപ്രതിയുള്ളതും, സംപൂർണ്ണമായുള്ളതുമാകുന്നു. മാർ അപ്രേമിന്റെ പ്രസംഗപാടവത്തെ സംബന്ധിച്ചു പ്രസ്തുത നൈസിക വേദപാരഗൻ സാക്ഷിക്കുന്നതു്. "സഭയ്ക്കുത്തെപ്പറ്റിയുള്ള ഇദ്ദേഹത്തിന്റെ പ്രസംഗം വായിച്ചാൽ നിരഹങ്കാരിയായി ഭവിക്കാത്തവനുണ്ടോ? ദൈവസ്നേഹത്തെ സംബന്ധിച്ചുള്ള ഇദ്ദേഹത്തിന്റെ കൃതിയുടെ വായനയാൽ സ്നേഹംകൊണ്ടു ജ്വലിക്കാത്തവനുണ്ടോ? ബ്രഹ്മചര്യവ്രതത്തെ ഇദ്ദേഹം ശ്ലാഘിക്കുന്നതു കേട്ടാൽ ഹൃദയത്തിലും ആത്മാവിലും പരിശുദ്ധനാവാൻ ആഗ്രഹിക്കാത്തവനുണ്ടാകുമോ? എന്നാകുന്നു.

അവസാന വിധിയെ സംബന്ധിച്ചു മാർ അപ്രേമിന്റെ ഒരു പ്രസംഗം ഇപ്രകാരം ആരംഭിക്കുന്നു: മിശിഹായിൽ സ്നേഹിക്കപ്പെട്ടവരെ നമ്മ കർത്താവിന്റെ ഏറ്റവും ഭയങ്കരമായ അന്ത്യവരവിനെ സംബന്ധിച്ചു ഞാൻ പറവാൻ പോകുന്ന കാര്യത്തിൽ നിങ്ങളുടെ ശ്രദ്ധയെ പതിക്കുവിൻ. ഞാൻ ആ നാഴികയെ ഓർക്കയിൽ ഭയാധിക്യത്താൽ വിറക്കുന്നു. അപ്പോൾ സംഭവിപ്പാൻ പോകുന്ന കാര്യങ്ങളെ വർണ്ണിപ്പാൻ ആർക്കു സാധിക്കും? രാജാക്കളുടെ രാജാവു തന്റെ മഹിമയുടെ സിംഹാസനത്തിൽ, ഭൂമിയിലെ സർവ്വജാതികളെയും കണക്കു കേൽവിക്കായി ക്ഷണിച്ചുകൊണ്ടു നീതിമാനായ ന്യായാധിപതിയായി എഴുന്നെള്ളിയിരിക്കുന്നു. ഈ വിചാരംകൊണ്ടു ഇന്നിക്കു ബോധക്ഷയം വന്നുപോകുന്നു. ഭയംകൊണ്ടു എന്റെ അംഗങ്ങൾ വിറക്കുന്നു. കണ്ണുകളിൽ കണ്ണീർ നിറയുന്നു. എന്റെ സ്വരം ഗൽഗദമായി പോകുന്നു. എന്റെ അധരങ്ങൾ വിറക്കുന്നു. എന്റെ നാവിന്റെ ശക്തി ക്ഷയിക്കുന്നു. എന്റെ വിചാരങ്ങൾ മൌനത്തിൽ മുഴുകുന്നു.

മാർ അപ്രേം ഒരു പ്രസിദ്ധ കവിയും സുറിയാനിഭാഷാവിഷയത്തിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ഒരു എഴുത്തുകാരനുമാകുന്നു. ഇദ്ദേഹം വളരെ ഗീതങ്ങളും കാവ്യങ്ങളും സുറിയാനിഭാഷയിൽ എഴുതിയിട്ടുണ്ടു്. ഇവയിൽ പല ഭാഗങ്ങളും പ്രാചീനസഭകളുടെ ജപപുസ്തകങ്ങളിൽ ചേർക്കപ്പെട്ടിരിക്കുന്നു. കൂടാതെ, മാർ അപ്രേം വിവിധവിഷയങ്ങളേയും ആളുകളെയും, പരിശുദ്ധന്മാരെയും സംബന്ധിച്ചു രചിച്ചിട്ടുള്ള ധർമ്മോപദേശങ്ങൾ, പ്രസംഗങ്ങൾ, സ്തുതിപാഠങ്ങൾ, വിവാദാത്മകപ്രസംഗങ്ങൾ, ചരമപ്രസംഗങ്ങൾ ഇത്യാദികൾ അസംഖ്യങ്ങളാകുന്നു. ഇവകളിൽ ഏതാനും (Gerard Volkens) ഗെരാർദ് വൊൽകൻസ എന്ന ദേഹം ലത്തീനിൽ ഭാഷാന്തരപ്പെടുത്തി ഫ്രൈബുർഗ്–ൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഇവയുടെ ഗ്രീക്കുഭാഷാന്തരം ഫ്രൈബുർഗ്–ൽ എഡ്വർഡ് തൈറസ് (Thwaits) എന്ന ദേഹത്തിന്റെ ഉത്സാഹത്താൽ ഓക്സ്ഫോർഡിൽ പ്രസിദ്ധീകരിക്കപ്പെട്ടു. എങ്കിലും മാർ അപ്രേമിന്റെ ഏറ്റവും പൂർണ്ണമായ ഗ്രന്ഥശേഖരം, വത്തിക്കാൻ പുസ്തകശാലയുടെ പ്രഥമാദ്ധ്യക്ഷനായ ജോസഫ് അസ്സേമാനിയുടെ താല്പര്യത്താൽ റൊമ–ന്റെയും ഗ്രീക്ക–ന്റെയും മദ്ധ്യേ ആറു മഹാഗ്രന്ഥങ്ങളായി റോമയിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതാകുന്നു.

ഇവയുടെ ഒന്നാം ഗ്രന്ഥത്തിൽ, പാപം, പുണ്യം, ഇത്യാദികളെ സംബന്ധിച്ചും, അന്ത്യാപത്തെ സംബന്ധിച്ചും വളരെ പ്രസംഗങ്ങൾ ശേഖരിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ വിസ്തരത്തെ സംബന്ധിച്ചു നൂറു അദ്ധ്യായങ്ങളോടുകൂടിയുള്ള

പുസ്തകം പ്രത്യേകം പ്രസ്താവ്യമാകുന്നു. ൨–ാം ഗ്രന്ഥത്തിൽ സദാചാരമുറയെപ്പററി ൯൦ അദ്ധ്യായങ്ങളോടുകൂടിയ ഒരു പുസ്തകവും മഹാപിതാക്കളായ അബ്രാഹം, യൌസേപ്പ് ഇവരുടെ ജീവിതസംബന്ധമായി ദീർഘമായ സൂതിപാഠങ്ങളും അനുസരണം വിനയമാദിയാ പുണ്യങ്ങളെപററി അമ്പത്തു ധർമ്മോപദേശങ്ങളും സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. ൩–ാം ഗ്രന്ഥത്തിൽ അനേക പ്രസംഗങ്ങളും പ്രത്യേകം ദൈവജനനിയായ കന്യകമറിയത്തെ സംബന്ധിച്ചുള്ള ഏറിയ ഗീതങ്ങളും പ്രാർത്ഥനകളും ഉൾപ്പെട്ടിരിക്കുന്നു. ൪–ം, ൫–ം ഗ്രന്ഥങ്ങൾ വേദാഗമങ്ങളെ സംബന്ധിച്ച ഭാഷ്യങ്ങളും പ്രസംഗങ്ങളും ആകുന്നു.

൬–ാം ഗ്രന്ഥത്തിൽ ആരിയന്മാർ യുനോമിയന്മാർ എന്ന പാഷണ്ഡികൾക്കു വിരോധമായി തൊണ്ണൂറു തർക്കപ്രസംഗങ്ങളും സ്വതന്ത്രമനസ്സിനെ സംബന്ധിച്ചു നാലു പ്രസംഗങ്ങളും മനസ്സാപത്തെപറ്റി ഏറ്റം ഹൃദയസ്പർശകങ്ങളായ എഴുപത്താറു പ്രസംഗങ്ങളും ഭൌമികപറുദീസായെ സംബന്ധിച്ചു പതിനഞ്ചു ലളിതങ്ങളായ പ്രസംഗങ്ങളും എൺപത്താറു ക്രമക്രിയാ നിയമങ്ങളും (അഥവാ കാനോനാകളും) പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

ഇവകളിൽ മാർ അപ്രേം വിശദമായി പഠിപ്പിക്കുന്ന സത്യങ്ങൾ. ക. ആത്മാക്കൾ മരണശേഷം ഉടൻ വിധിക്കപ്പെടുന്നു. ഖ. വിധിയുടെശേഷം ഉടനെ അവർ ദൈവത്തിന്റെ ഭാഗ്യാഭിമുഖദർശനത്തിനു സ്വീകരിക്കപ്പെടുന്നു. (ഇതു ശരീരത്തോടുകൂടെയല്ലാത്തതുകൊണ്ടു ഈ ഭാഗത്തിൽ അപൂർണ്ണമെന്നു പറയാം.) ഗ. പാപങ്ങളുടെ പൂർണ്ണപരിഹാരം ചെയ്യാതെ മരിക്കുന്നവർ ശുദ്ധീകരണാഗ്നിയാൽ പീഡിപ്പിക്കപ്പെടുന്നു. ഘ. ഇവർ വിശ്വാസികൾ സമർപ്പിക്കുന്ന ബലികളാലും പ്രാർത്ഥനകളാലും മറു സൽക്കർമ്മങ്ങളാലും സഹായിക്കപ്പെടുന്നു. ങ. വിശു. കുർബാനയിൽ മിശിഹായുടെ യഥാർത്ഥശരീരവും രക്തവും വാസ്തവത്തിൽ സന്നിഹിതങ്ങളായിരിക്കുന്നു. വേദപാരഗൻ വ–ാം കാനോനായിൽ പറയുന്നതു്: "ഇത്ര ദീർഘമായുള്ളതും ആപത്തുനിറഞ്ഞതും ആയ പ്രയാണം (മരണം) ആരംഭിക്കയിൽ ഹാ! ദൈവപുത്രാ നീ എനിക്കു പാഥേയം (വഴിച്ചോറു) ആകുന്നു. മനുഷ്യജാതിയുടെ നവീകരണകത്താവെ! ഇന്നിക്ക വിശക്കുമ്പോൾ ഞാൻ നിന്നെ ഭക്ഷിക്കും. എന്നാൽ നീ എന്റെ അംഗങ്ങളോടു സമീപിക്കുകയില്ല. അതു നിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും മധുരമുള്ള രക്ഷണീയവാസനയെ സഹിക്കയില്ല" എന്നു പറഞ്ഞിരിക്കുന്നു. ഇതിൽനിന്നു ൪–ാം നൂറാണ്ടിൽ സുറിയാനിസഭയുടെ സാധാരണ വിശ്വാസം എന്തായിരുന്നു എന്നു സ്പഷ്ടമാകുന്നു.

Y. 3d2 . 2 . ൮

ഈശോ സഭയിലെ
ഒരു തുണസഹോദരനായ വിശുദ്ധ അൽഫോൻസ് റോദ്രിഗെസിന്റെ ജീവചരിത്രം.

൧–ാം അദ്ധ്യായം.

ഈ വിശുദ്ധന്റെ ജനനവും ബാല്യവും.

വിശുദ്ധ അൽഫോൻസ് ക്രിസ്താബ്ദം ൧൬–ാം നൂ– സ്പെയിൻ രാജ്യത്തു സെഗോവിയാ പട്ടണത്തിൽ ഒരു ഉയർന്ന കുലത്തിൽ ജാതനായി. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേരു ദിയെഗോ റോദ്രിഗെസെന്നും, മാതാവിന്റെതു മരീയ ഗോമെസെന്നും ആയിരുന്നു. അന്നു ആ രാജ്യത്തെ പ്രധാന വ്യവസായമായ ജൌളിവ്യാപാരം തന്നെയായിരുന്നു ഇവരുടെയും മുഖ്യ തൊഴിൽ. ഇവരിരുവരും ഉത്തമഭക്തരായ ക്രിസ്ത്യാനികളായിരുന്നതുകൊണ്ടു തങ്ങളുടെ മക്കളേയും അതിയായ സ്നേഹശ്രദ്ധാന്തിയോടുകൂടി സുകൃതജീവിതത്തിൽ വളർത്തിക്കൊണ്ടുവന്നു ഇപ്രകാരം വളരെ ശ്രദ്ധയോടുകൂടി വളർത്തപ്പെട്ട ഇവരുടെ സന്താനങ്ങളത്രയും ഇവർക്കു യോഗ്യമക്കളായിരുന്നു എന്നതിനു സംശയമില്ല. എന്നു വരികിലും അവരിൽവച്ചു അൽഫോൻസ് ശിശുപ്രായം മുതൽക്കേ ദൈവഭക്തിയിൽ വി

ശേഷവിധിയായി ശോഭിക്കയും പ്രത്യേകം പരിശുദ്ധ കന്യകയുടെ നേക്കുള്ള സ്നേഹവാത്സല്യത്തിൽ അതിയായി പ്രകാശിക്കയും ചെയ്തു. ഇപ്പ്രകാരം ശേഷം സഹോദരന്മാരും ഉയന്തരം പഠനത്തിനായി ആൽക്കലാ നഗരത്തിലുള്ള വിദ്യാമന്ദിരത്തിലേക്കു അയക്കപ്പെട്ടു. ഇങ്ങനെ അവിടെ പഠിച്ചുകൊണ്ടിരുന്ന കാലത്തു്, അവരുടെ പിതാവു കാലഗതി പ്രാപിക്കയാൽ, കുടുംബജോലി വഹിക്കുന്നതിനായി, അൽഫോൻസു വിദ്യാഭ്യാസം നിറുത്തിവച്ചിട്ടു വീട്ടിലേക്കു പിന്തിരിയുന്നതിനും കുറച്ചു കാലത്തിന്റെശേഷം വിവാഹം കഴിക്കുന്നതിനും നിബന്ധിതനായി. അൽഫോൻസിന്റെ ഭാര്യ യാവട്ടെ, അദ്ദേഹത്തെപ്പോലെ കുലീനയും ഉത്തമ ഭക്തയുമായ ഒരു സ്ത്രീരത്നം ആയിരുന്നു. ഇപ്രകാരം യോഗ്യതയുള്ള ഈ പുണ്യവതിയോടുകൂടി ഏതാനും സംവത്സരം സഹവസിച്ചു വരികയിൽ തന്റെ കുടുംബജോലികൾ സമസ്തവും എതൃയും ഭംഗിയായി നടത്തിക്കൊണ്ടു പോന്നതുമല്ലാതെ, അത്മരക്ഷയ്ക്കുതകുന്ന സകല പുണ്യമൂലകളും ഏറ്റവും കൃത്യമായും ജാഗ്രതയോടുകൂടിയും നിറവേറ്റിക്കൊണ്ടും വന്നിരുന്നു. ക്രമക്രമേ ദേവാലയത്തിൽ പോയി വിശുദ്ധ കുർബ്ബാനയെ സന്ദർശിക്കയും കുമ്പസാരം കുർബ്ബാന എന്ന ക്രിയാശകൾ അത്യന്ത ഭക്തിപൂർവ്വം കൈക്കൊൾകയും ദൈവസ്തുതിക്കായി തന്നാൽ പാടുള്ളതെല്ലാം മഹാ സ്നേഹാല്പുത്തോടെ നടത്തിവരികയും ചെയ്തിരുന്നു. ഇങ്ങനെയിരിക്കയിൽ ദൈവം അൽഫോൻസിനെ ഏറ്റവും ഉന്നതമായ പുണ്യപദവിയിൽ ഉയർത്തുന്നതിനു തിരുച്ചിത്തമായിരുന്നതിനാൽ, ലൌകികവിഷയങ്ങളിൽ ഓരോ ദുഃഖാനർത്ഥങ്ങളും കഷ്ടനഷ്ടങ്ങളും ഇദ്ദേഹത്തിനു പ്രളയംപോലെ വന്നുകൂടുകയായി. ഇതിനാൽ അയാളുടെ വസ്തുവകകളും ആട്ടമാടുകളും സകല സമ്പത്തുകളും ക്രമേണ അധോഗതി പ്രാപിക്കയും സല്പ കാലത്തിനിടയ്ക്കു എല്ലാം ഒരു സ്വപ്നം കണ്ടതുപോലെ കഴിഞ്ഞുപോകയും ചെയ്തു. ഈ മുഖാന്തരങ്ങളാൽ അദ്ദേഹത്തിന്റെ സ്നേഹപത്നിയും ആധിയും വ്യാധിയും പിടിപെട്ടു വളരെനാൾ കിടന്നു കഷ്ടപ്പെട്ടതിന്റെശേഷം പരലോകഗതയാവുകയുമുണ്ടായി. (തുടരും.)

ഫലദീപിക. 2. പു

പാപങ്ങളെ പൊറുക്കുവാൻ ആർക്കാണ് അധികാരമുള്ളതു്?

പട്ടക്കാരൻ പാപങ്ങളെ പൊറുക്കുന്നു, അദ്ദേഹം ഒരു മനുഷ്യൻ മാത്രമാകുന്നതാനും: പിന്നെ എങ്ങനെയാണ് മറ്റുള്ളവരുടെ പാപങ്ങളെ വിമോചിക്കുവാൻ അദ്ദേഹം തുനിയുന്നതു്? അയാൾ യാതൊരു കുറവുമില്ലാത്തവനായിരിക്കുന്നതുകൊണ്ടോ, അങ്ങനെയുള്ള ആളാണെന്നു ഭാവിക്കുന്നതുകൊണ്ടോ ആയിരിക്കുമോ? അല്ല, ദൈവത്തിൽനിന്നു അധികാരം സിദ്ധിച്ചവർക്കുമാത്രം പാടുള്ളതിനെ ചെയ്യുവാനുള്ള അധികാരം ദൈവം അയാൾക്കു കൊടുത്തിരിക്കുന്നതുകൊണ്ടാണ്. ആ അധികാരത്തെ അദ്ദേഹത്തിനു കൊടുത്തിരിക്കുന്നു എന്നു നമ്മുടെ കർത്താവായ ഈശോമ്ശിഹാ അരുളിച്ചെയ്തിട്ടുണ്ട്. ഈ അധികാരത്തെ നിഷേധിക്കുന്നവർ ഈശോമ്ശിഹാ ദൈവമാകുന്നു എന്നുള്ളതിനെ വിശ്വസിക്കാതിരിക്കുന്നുണ്ടോ? അല്ലെങ്കിൽ അവാക്കുകളുടെ പ്രാമാണികത്വത്തെ അവർ നിഷേധിക്കുന്നുണ്ടോ? ഇതിനേക്കാൾവെളിവായ പ്രസ്താവം വേദപുസ്തകത്തിൽ വേറെഇല്ല. പാപങ്ങളെ മോചിക്കുന്നതിനും പിടിക്കുന്നതിനുമുള്ള അധികാരത്തെ നൽകുന്ന അവസരത്തിലെപ്പോലെ ഇത്ര വിശദമായി മിശിഹാ സ്വന്ത ദൈവികത്വത്തെ വേദപുസ്തകത്തിന്റെ മറ്റൊരു ഭാഗത്തും പ്രസ്താവിച്ചിട്ടില്ല. കർത്താവിൽ വിശ്വസിക്കയും അവിടുത്തെ വാക്കുകളെ അവയുടെ ഏറ്റവും വിശദമായ അർത്ഥത്തിൽ സ്വീകരിക്കയും ചെയ്യുന്നതു വേദപുസ്തകത്തെ തിരസ്കരിക്കുകയല്ല; മ്ശിഹായിക്കു പാപങ്ങളെ വിമോചിക്കുവാൻ പാടുണ്ടായിരുന്നു എന്നു സമ്മതിക്കുന്നതു, അവിടുന്നു ദൈവമാകുന്നു എന്നു സമ്മതിക്കുകതന്നെയാകുന്നു.

അദ്ദേഹത്തിനു പാപങ്ങളെ വിമോചിക്കുവാനുള്ള അധികാരത്തെ നിഷേധിക്കുന്നതു, അദ്ദേഹം ദൈവമാകുന്നു എന്നതിനെ ഏറ്റു പറയുന്നതിനു വിരോധിക്കുകയത്രെ. അവിടുന്നു ദൈവവും സ൪വ്വശക്തനുമാകുന്നെങ്കിൽ അദ്ദേഹത്തിനു മനുഷ്യനാകുന്നു ഏതു അധികാരവുംകൊടുക്കാം പാപങ്ങളെ വിമോചിക്കുന്നതിനും പിടിക്കുന്നതിനും തനിക്കുള്ള സ്വന്ത അധികാരത്തെ കൊടുക്കുന്നു എന്നു അവിടുന്നു പ്രസ്താവിച്ചിട്ടുണ്ടു്. കർത്താവു് ഏതെങ്കിലും ഉദ്ദേശിച്ചായിരിക്കുമല്ലൊ അരുളിച്ചെയ്തിരിക്കുന്നതു്. അവിടുന്നു പറഞ്ഞതിനെ ഉദ്ദേശിച്ചു എന്നും, പ്രസ്താവിച്ചതിനെ പ്രവ൪ത്തിക്കുന്നതിനു അങ്ങേക്കു കഴിയുമായിരുന്നു എന്നും വിശ്വസിക്കുന്നതു ദുശ്ശാഠ്യമൊ മൂഢഭക്തിയൊ ആയിരിക്കുമൊ?.

ചില പുതിയ ദെക്രേത്തുകളുടെ സാരം.

൧. ദണ്ഡവിമോചനം പ്രാപിപ്പാനുള്ള കുമ്പസാരം.

വി. കുർബ്ബാന കൈക്കൊള്ളലിനെ എളുപ്പവും ക്രമേക്രമേയും ആക്കുന്നതിനായും, മുമ്പുണ്ടായിട്ടുള്ള ചില ദെക്രേത്തുകൾ ദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള കുമ്പസാരം ചിലപ്പോൾ ആ ദിവസത്തിലൊ അതിനു മുമ്പുള്ള വല്ല ദിവസത്തിലൊ വേണമെന്നു നിശ്ചയം ചെയ്തിട്ടുള്ളതിനാൽ കുർബ്ബാന കൈക്കൊള്ളലിനു നേരിട്ടുന്ന വിഘ്നങ്ങളെ നീക്കേണ്ടതിനായും പ. പിതാവു് ഈയാണ്ടു ഏപ്രിൽ ൨൩-ാം തീയതി കല്പിച്ചരുളിയ തിരുവെഴുത്തിൽ ഏതെങ്കിലും ദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള കുമ്പസാരം, മറുപ്രകാരം വേണമെന്നു കുമ്പസാരക്കാരൻ വിവേകപൂ൪വ്വം വിധിക്കാത്തപക്ഷം, ദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള ദിവസത്തിനു മുമ്പുള്ള ആഴ്ചയിൽ ആയാൽ മതിയെന്നു തീരുമാനിച്ചിരിക്കുന്നു. ഇതിനു മുമ്പു അനുവദിച്ചിട്ടുള്ള വിസ്താരമായ സ്വാതന്ത്ര്യങ്ങളും പ്രതിദിനമൊ ക്രമേക്രമേയൊ വി. കുർബ്ബാന കൈക്കൊള്ളുന്നവ൪ക്കു എന്നന്നെ ഫെബ്രുവരി ൨൪-ാംനു- ദണ്ഡവിമോചനങ്ങളുടെ വി. സംഘത്താൽ കൊടുക്കപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യങ്ങളും വ്യത്യാസമില്ലാതെ ഇരിക്കുന്നതുമാണു്.

* * * *

൨. പട്ടക്കാ൪ക്കു മുൻസിപ്പലൊ പ്രൊവിൻഷ്യനൊ ആയ ആലോചനക്കാരുടെ ജോലി ചെയ്യുന്നതിനു വിരോധമുണ്ടൊ എന്നും ആ ജോലിക്കായി തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ ഗണത്തിൽ ഉൾപ്പെടുവാൻ സമ്മതിക്കുന്നതിനു അവ൪ക്കു പാടുണ്ടൊ എന്നും ഇറലിയിലെ പല മെത്രാന്മാർ ചോദിച്ചതിനു അതതു പട്ടക്കാരുടെ മെത്രാന്റെയും ജോലിനിവ്വഹിപ്പാനിരിക്കുന്ന സ്ഥലത്തെ മെത്രാന്റെയും സമ്മതിയോടുകൂടിയല്ലാതെ ഇതു പാടുള്ളതല്ല എന്നു പ. പിതാവിന്റെ കല്പനപ്രകാരം വിശുദ്ധമായ കൊൻസിസ്റ്റോറിയൽ സംഘം എല്ലാ സംഗതികളെയുംപറ്റി ഗാഢമായി പയ്യാലോചന കഴിച്ചശേഷം ൧൮൭൮ ജൂൺ മാസം ൨൬-ാം തീയതി നിശ്ചയിച്ചിരിക്കുന്നു.



തിരുഹൃദയഭക്തന്മാർ

൧൮൭൮ ആഗസ്റ്റ് മാസത്തിൽ വെക്കേണ്ട

പൊതുക്കുരുതൽ.

"ഇന്തുചൈനായിലെ സത്യവേദവ൪ദ്ധന."

വിവരം— "ആകാശങ്ങളിൽ ഇരിക്കുന്ന" ജപത്തിൽ "നിന്റെ രാജ്യം വരണം" എന്ന അപേക്ഷയെ സാക്ഷാത്കരിച്ചിരിക്കുന്ന നമ്മുടെ പിതാവിനു സമുച്ചി

ക്കുന്ന സകല ക്രിസ്ത്യാനികളും അങ്ങേ ഇഷ്ടപ്രസാദത്തിന്റെ രാജ്യം വ്യാപിക്കണമെന്ന ഹൃദയപൂർവ്വം ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ഇതു പ്രത്യേകമായി സത്യവേദത്തിന്റെ വർദ്ധനയോടുകൂടിയതെ സംഭവിക്കുന്നതു്. വിഗ്രഹാരാധനയിലും പിശാചിന്റെ ദാസ്യത്തിലും പാപച്ചേറിലും ഉൾപ്പെട്ടു നികൃഷ്ടാവസ്ഥയിൽ കിടക്കുന്ന ആത്മാവുകൾ മാനസാന്തരപ്പെട്ടു സത്യദൈവത്തിന്റെ ജ്ഞാനമക്കളും മോക്ഷത്തിന്റെ അവകാശികളുമായി തീരുമ്പോൾ, അവരിൽ അങ്ങേ രാജ്യം പ്രചരിക്കുന്നു; അവരിൽ അങ്ങുന്നു വസിക്കയും ചെയ്യുന്നു. ആകയാൽ ദൈവഭക്തിയുള്ള സകലരും സത്യവേദവർദ്ധനക്കായി പ്രാർത്ഥിക്കേണ്ടതാണ്. എന്നാൽ തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേക വിധത്തിൽ അപേക്ഷിക്കുണമെന്ന തിരുസഭയുടെ തലവനായ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിട്ടുള്ളതു് ഇന്ത്യചൈനായിൽ സത്യവേദ വർദ്ധനക്കു വേണ്ടിയത്രെ. ഈ രാജ്യം ഇൻഡ്യയുടെ കിഴക്കുഭാഗത്തു ബങ്കാൾ ഉൾക്കടലിന്റെയും ചീനക്കടലിന്റെയും മദ്ധ്യത്തിൽ നീണ്ടുകിടക്കുന്ന ഒരു വലിയ ഉപദ്വീപാകുന്നു. ഈ രാജ്യത്തിൽ ലക്ഷോപലക്ഷം ജനങ്ങൾ സാത്താന്റെ അടിമയിൽ നിഷ്ഠൂരമായി ഉൾപ്പെട്ടിരിക്കുന്നു. ഇവരുടെ ഇടയിൽ സത്യവേദ വർദ്ധന ഉണ്ടാകുന്നതിനായി തിരുഹൃദയ ഭക്തന്മാർ പ്രാർത്ഥിപ്പാറാകണം.

ലോകവർത്തമാനച്ചുരുക്കം.

കൽക്കട്ടാ സർവ്വകലാശാലയിലെ ഇക്കൊല്ലത്തെ ബി. ഏ. (Honours) പരീക്ഷയിൽ മൂന്നു കത്തോലിക്കാ യുവതികൾ ചേർന്നിരുന്നു. എല്ലാവരും വിജയം പ്രാപിച്ചിരിക്കുന്നു. അവരിൽ ഒരാളായ ജെ. അന്തോനിയാ എന്ന ലോറെത്ത കന്യക ഫസ്റ്റ്ക്ലാസിലാണ് ചേർക്കപ്പെട്ടിരിക്കുന്നതു്.

കൽക്കട്ടായിലുള്ള ലോറെത്ത കന്യകകളുടെ ശ്രേഷ്ഠയായ ഗൊൻസാഗ എന്ന ആൽബ്ക്കു ചക്രവർത്തി തിരുമനസ്സിലെ ജന്മദിവസബഹുമതിദാനമായി കൈസർ. ഇ. ഹിൻഡ് കിഴിമുദ്ര നൽകപ്പെട്ടിരിക്കുന്നു.

കായംകുളത്തുള്ള പുത്തൻക്രൂർ സുറിയാനിക്കാരിൽ ഉദ്ദേശം ൪൦ വീട്ടുകാർ ഇപ്പോൾ കത്തോലിക്കാ സഭയിലേക്കു തിരിച്ചുവരുവാൻ ഒരുങ്ങിയിരിക്കുന്നു എന്നും അവർക്കായി പള്ളിയും മറ്റും ഉണ്ടാകുന്നപക്ഷം ൨൦൦ വീട്ടുകാരോളം അതിൽചേർന്നു നടക്കുന്നതിനിടയുള്ളതാണെന്നും അറിയുന്നു.

കേരളീയ കത്തോലിക്കരിൽ ഒന്നാമതായി ബാറിസ്റ്റർ പരീക്ഷ ജയിച്ച പുത്തൻപള്ളി ഇടവക തളിയത്തു ജോസഫു് എം. എ. അവർകൾ ഇംഗ്ലണ്ടിൽ നിന്നു തിരിച്ചെത്തുമ്പോൾ അദ്ദേഹത്തെ ആഘോഷപൂർവ്വം സ്വീകരിക്കുന്നതിനു് തദ്ദേശവാസികൾ തീർച്ചയാക്കിയിരിക്കുന്നു.

നി വ. ദിവ്യശ്രീ കുയ്യാളശ്ശേരി മെത്രാനച്ചനവർകളുടെ റോമാ യാത്രയുടെ വിവരങ്ങൾ ഇടയ്ക്കിടെ "സ്രാണിദീപിക"യിൽ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. അതിലെ സംഗതികളുടെ ചുരുക്കം മാത്രം ഇവിടെ ചേർക്കുന്നു:— മെയി ൧൦ നു പാപ്പാവിനെ സന്ദർശിച്ച ശേഷം ൧൨നു റോമായിൽ നിന്നു വിയന്നായിലേക്കു പുറപ്പെട്ടു. വഴിക്കു, മൊൻറഫ്രാത്തോ എന്നപട്ടണത്തിൽ വി. ക്ലാരയുടെ സഭവക ഒരു മഠം സന്ദർശിച്ചു. ആ പുണ്യവതിയുടെ തിരുശരീരം ഇന്നും ക്ഷയമില്ലാതെ അവിടെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധയുടെ ശങ്കിൽ പതിഞ്ഞ മുൾമുടി, ആണി, തിരുമുഖം ഇവ ഇന്നും അവിടെ കാണുവാനുണ്ട്. നാം ഭക്തിപൂർവ്വം ഉപയോഗിക്കാറുള്ള ക്ലാരക്കുരു വി. ക്ലാരയുടെ തോട്ടത്തിൽ ഉണ്ടാകുന്നവയാണ്. അനന്തരം അൽകോനായിലെത്തി കപ്പൽമാർഗ്ഗം ത്രിയസ്തിലേക്കുപോയി. മെത്രാനച്ചന്റെ ഇഷ്ടജനങ്ങൾ പലസ്ഥലങ്ങളിലും വലിയസ്ഥാനത്തിൽ ഇരിക്കുന്നതിനാലും അവരുടെ

ക്ഷണപ്രകാരം മെല്ലുകനിമിത്തവും അ
ദ്ദേഹത്തെ ബഹുമാനപൂർവ്വം സ്വീകരിക്ക
ന്നതിനു എവിടെയും ആളുകൾ തയ്യാറാ
ണ്ട്. സ്റ്റേഷനിൽ എത്തിയപ്പോൾ എ
തിരേൽക്കുന്നതിനു ആളുകൾ ഒരുങ്ങിനി
ന്നിരുന്നു. മോട്ടോർവണ്ടിമാർഗ്ഗം ഒരു ആ
ശ്രമത്തിലെത്തി താമസിച്ചു. ക്രി—ാണ്ടു—
ആ സ്ഥലത്തെ മെത്രാപ്പോലീത്തായേയും
വ. പിതാവിന്റെ പ്രതിപുരുഷനേയും
സന്ദർശിച്ചു. സാൻവത്തോറിയൻ സഭ
ക്കാരുടെയും അമലോത്ഭവ സഭക്കാരുടെ
യും ക്ഷണനമനുസരിച്ചു് അവരുടെ സ്ഥ
ലങ്ങളിൽ പോകുകയും പ്രസംഗവും വാ
ഴ്വും നടത്തുകയും ചെയ്തു. മെത്രാനച്ച
ന്റെ മോതിരം മുത്തുന്നതിനായിവളരെ ആ
ളുകൾ ഒടിക്കൂടിയിരുന്നു. അന്യരാജ്യ
ങ്ങളിൽ മിസവേലക്കു പോകുവാനായി
സ്സാറൽപരം ആളുകൾ ചേർന്നുപഠിച്ചു
വരുന്ന ഒരു സെമ്മിനാരി അവിടെയു
ണ്ട്. തിരുമനസ്സുകൊണ്ടു ക്രി—ാണ്ടു— അ
ദ്ദേഹത്തെ സന്ദർശിച്ചു് സെമ്മിനാരിക്കാരോ
ടു മിസവേലയേപ്പറ്റി പ്രസംഗിക്കുകയും
വാഴ്ത്തുകയുമുണ്ടായി. ക്രി—ാണ്ടു—
ഈശോസഭവകയായ ഒരു കോളേജി
ൽ പോയശേഷം ഉച്ചതിരിഞ്ഞു ഓസ്ത്രി
യൻ ചക്രവർത്തി ജൂബ്ബലിസ്മാരക ദേവാ
ലയത്തിൽ പ്രസംഗവും വാഴ്വും നട
ത്തി. വൈദികന്മാരുടെയും പോലീസു
കാരുടെയും അകമ്പടിയോടുകൂടെ ഉദ്യാ
നത്തിലെത്തുകയും വിശ്രമിച്ചശേഷം ആ
ശ്രമത്തിലേക്കു മടങ്ങി. ഇൻഡ്യാക്കാരനാ
യമെത്രാനെ കാണുവാനും ഇൻഡ്യായി
ലെവർത്തമാനം അറിവാനും ജനങ്ങൾക്കു
അധികമായ ആഗ്രഹമുണ്ട്. അവർ ഒരു
യോഗം കൂടി മെത്രാനച്ചനെ ആഘോഷ
പൂർവ്വം കൊണ്ടുപോയി. തിരുമനസ്സുകൊ
ണ്ടു ഇൻഡ്യാക്കാര്യങ്ങളെപ്പറ്റി പ്രസം
ഗിച്ചു. അവരുടെ നിർബന്ധപൂർവ്വമായ
അപേക്ഷ അനുസരിച്ചു മെത്രാനച്ചൻ
സ്വന്തനാമത്തെ നിത്യസ്മാരകമായി എ
ഴുതിക്കൊടുത്തു കഴിഞ്ഞു ആശ്രമത്തിൽ
മടങ്ങുകയും പിറേറന്നു ഈശോയുടെ ക
ന്യകകളുടെ അപേക്ഷ അനുസരിച്ചു അ
വരുടെ മഠവും വിദ്യാലയവും സന്ദർശി
ച്ചു പ്രസംഗവും വാഴ്വും നടത്തുക
യും ചെയ്തു. ബുഡാപെസ്റ്റ് ഹംഗറി
യുടെ തലസ്ഥാനമാണ്. അവിടെയുള്ള
രാജകീയ കപ്പേളയിൽ വിശുദ്ധ എ
സ്തപ്പാനോസുരാജാവിന്റെ ഒരു കൈ
ഇന്നും അഴിവില്ലാതെ കാക്കപ്പെടുന്നു.
രാജവംശത്തിൽ വളരെ പുണ്യവാന്മാ
രും പുണ്യവതികളും ഉണ്ടായിട്ടുണ്ട്. മെ
ത്രാനച്ചൻ മെയ് ക്രി—ാണ്ടു— അവിടെ
എത്തിപ്രൈമറിനെ സന്ദർശിക്കയും മെ
ത്രാന്മാരും പാർലിയമെന്റു സഭാംഗങ്ങ
ളും ഉദ്യോഗസ്ഥവൃന്ദവും ഉൾപ്പെട്ട ഒരു
മഹാസമാജത്തിൽ സംബന്ധിക്കയും ചെ
യ്തു. ക്രി—ാണ്ടു— വിയന്നായിൽ കൂടിയ
മദ്യപാനനിരോധക സംഘത്തിൽ അ
ദ്ധ്യക്ഷനായിരുന്നതു മെത്രാനച്ചനാണ്.
അനന്തരം മെയർ, പ്രൈസ് മെയർ മുത
ലായ വലിയ ഉദ്യോഗസ്ഥന്മാരെ ചെ
ന്നു കാണുകയും അവരയച്ച ആളുകളോ
ടുകൂടി പ്രസിദ്ധ സ്ഥലങ്ങളെ കണ്ടശേ
ഷം ആശ്രമത്തിലേക്കു മടങ്ങുകയും ചെ
യ്തു. സായംകാലത്തു ഒരു ഇടവകപ്പള്ളി
യെ സന്ദർശിച്ചു വാഴ്വും പ്രസംഗവും
നടത്തി. ചക്രവർത്തി സുഖമില്ലാതിരിക്ക
യായിരുന്നു. എങ്കിലും മെത്രാനച്ചനെ ക
ണ്ടു സംസരിക്കുന്നതിനു പ്രയാസം നേ
രിട്ടില്ല. ജൂൺ ക്രി—ാണ്ടു— ആയിരുന്നു കൂ
ടിക്കാഴ്ച. ചക്രവർത്തിയുടെ അഭിപ്രായാ
നുസരണം അരമന കപ്പേളയിൽ കു
ബ്ബാന ചൊല്ലുകയും ചക്രവർത്തിയും പ്രു
ട്ടുക്കളും അരമനയുദ്യോഗസ്ഥന്മാരും കു
ബ്ബാന കാണുകയുമുണ്ടായി. വൃദ്ധ വയ
സ്സുപ്രായമുള്ള ചക്രവർത്തി കുബ്ബാനനേരം
മുഴുവൻ മുട്ടിന്മേൽ നിന്നിരുന്നു എന്നതു
പ്രത്യേകം പ്രസ്താവയോഗ്യമാണ്. പൂ
ജകഴിഞ്ഞു ചക്രവർത്തി വളരെ സന്തോ
ഷപൂർവ്വം മെത്രാനച്ചനോടു സംഭാഷിക്ക
യും പ്രതിസന്ദർശനത്തിനായി സ്വന്ത
ചാപ്പലിനെ ആയക്കുയും ചെയ്തു. 'ഈ
ശോമിശിഹായിക്കുസ്തുതി' എന്നാണു അവി
ടുത്തെ സ്വസ്തിവാചകം. യൂറോപ്പിലെ
മറ്റു ചില കത്തോലിക്കരാജ്യങ്ങളിലേ
യും സ്വസ്തിവാചകം ഇപ്രകാരം തന്നെ നമ്മു
ടെ ഇവിടെ ചിലയോഗ്യന്മാർക്കു 'കുട്ടമി
നി' എന്നോ മറ്റൊരു പദത്തെങ്കിലും അ
ഭിവന്ദനം ഭംഗിയാകയുള്ളു എന്നു തോ
ന്നുന്നു. അനന്തരം വൈകുന്നേരം ആ
രാധനാമഠക്കപ്പേളയിൽ പ്രസംഗം മു

ലായവ മെത്രാനച്ചനാണ് നടത്തിയത്.

ജൂൺ 24-ാംനു- ബവേറിയായിലുള്ള പാസ്സാവ് എന്ന സ്ഥലത്തേക്ക് പുറപ്പെട്ടു. സാൻവത്തോറിയൻ ആശ്രമത്തിൽ താമസിച്ചു. ആ രാജ്യത്തിന്റെ തലസ്ഥാനമായ മ്യൂനിക്കിലെ ബനഡിക്തോസ് സഭവക ആശ്രമത്തിലായിരുന്ന നാലാംതീയതി താമസിച്ചത്. പരിശുദ്ധ പിതാവിന്റെ പ്രതിപുരുഷനേയും പ്രഥമ മന്ത്രിയേയും മെത്രാനച്ചൻ 5-ാം തീയതി സന്ദർശിച്ചതിനാൽ പ്രതിസന്ദർശനത്തിനായി അവർ പിറേറദിവസം വന്ന ടിഷ്നേരത്തേക്ക് അന്യോന്യം സംഭാഷിക്കയുണ്ടായി. അവിടെ ആഘോഷിക്കപ്പെട്ട വി. കുബ്നായുടെ തിരുനാളിൽ മെത്രാനച്ചനും സംബന്ധിച്ചിരുന്നു. പ്രദക്ഷിണ സമയത്ത് അവിടത്തെ രാജാവും രാജ്യത്തിലെ വലിയ വലിയ ഉദ്യോഗസ്ഥന്മാരുമെല്ലാം മെഴുകുതിരി പിടിച്ചുകൊണ്ടുനടന്നിരുന്ന കാഴ്ച മനസ്സിളക്കുന്നതുതന്നെയായിരുന്നു. കൊൻസിസ്റ്ററി കഴിഞ്ഞു ന്യ-ാംതീയതി തിരിച്ചെത്തിയ കർട്ടിനാൾ ഖെനികോഗിനെ എതിരേൽക്കുന്നതിൽ മെത്രാനച്ചനുംകൂടിയിരുന്നു. പിറേറദിവസത്തെ ഫൊൻറിപ്പിക്കാൽകുബ്നാനക്ക് 12-ാം ലുദവിക്ക് രാജാവും മന്ത്രിയും, മാടമ്പികൾ, പ്രഭുക്കൾ ബാറൻസ് മുതലായവരും സ്ഥാനവസ്ത്രങ്ങളണിഞ്ഞു ഹാജരുണ്ടായിരുന്നു. പ. പിതാവിന്റെ പ്രതിനിധിയുടെ സമീപത്തിലായിരുന്ന മെത്രാനച്ചൻ ഇരുന്നിരുന്നത്. 14-ാംതീയതി കർട്ടിനാളിനെ കണ്ടശേഷം സമീപനഗരമായ പ്രെയ്ഗിൽ ഉള്ളതും 800-ൽപരം വിദ്യാർത്ഥികൾ പഠിച്ചുവരുന്നതുമായ സെമിനാരി സന്ദർശിച്ചു. റെക്ടറിന്റെ അപേക്ഷയനുസരിച്ചു അന്നു അവിടെ താമസിക്കയും പിറേറദിവസം പ്രസംഗം മുതലായ കർമ്മാദികളെ നടത്തുകയും ചെയ്തശേഷം ആശ്രമത്തിലേക്ക് മടങ്ങി. ബവേറിയാരാജാവിനെയും 14-ാംതീയതി സന്ദർശിച്ചതായറിയുന്നു. 12 മുതൽ 17 വരെ തീയതികളിൽ ല്യൂർദിൽനടന്ന വി. കുബ്നായുടെ മഹായോഗത്തിൽ സംബന്ധിക്കയുണ്ടായി. ഇൻഡ്യാക്കാരനായ ഒരു മെത്രാൻ ആ സംഘത്തിൽ സംബന്ധിച്ചതു ഇതു ഒന്നാമത്തെ പ്രാവശ്യമാണ്. ഇൻഡ്യയിലേക്കു മടങ്ങുന്നതിനുമുമ്പായി മാപ്പുപ്പായെ ചിങ്ങമാസത്തിൽ ഒരിക്കൽകൂടി സന്ദർശിക്കുന്നതിനു അനുമതി സിദ്ധിച്ചിട്ടുണ്ട്.

സുവ്വകലാശാലാ ബിരുദധാരികളായ കത്തോലിക്കരുടെ സമാജത്തിന്റെ വാഷ്കികസമ്മേളനം മദ്രാസ് ഉൽകൃഷ്ട ഇടവകയിലെ ചാൻസെലറും 'കാത്തോലിക്കുവാച്ച്മാൻ' എന്ന പത്രത്തിന്റെ അധിപരുമായ ഫാദർ ക്രൂസ് അവർകളുടെ അദ്ധ്യക്ഷതയിൽ ജൂൺ 29-ാംനു- പുതുപ്പേട്ടയിൽവച്ചു ഭംഗിയായി നടന്നിരിക്കുന്നു. ഫൻഫ ജനുവരി 29-ാംനു- ആണ് ഈ സമാജം മദ്രാസിനോടടുത്തുള്ള പുതുപ്പേട്ടയിൽ ആദ്യമായി ഏർപ്പെട്ടത്തപ്പെട്ടത്. അന്നു 6 പേർ മാത്രമേ അതിൽ ഉൾപ്പെട്ടിരുന്നുള്ളു. പരസ്യപ്രസംഗങ്ങൾ മൂലവും കത്തോലിക്കാ തത്വപ്രദിപാദകങ്ങളും കൃപ്രസിദ്ധീകരണങ്ങളെ ഖണ്ഡിക്കുന്നവയുമായ ഉപന്യാസങ്ങളുടെ പ്രസിദ്ധീകരണംവഴിയായും ദക്ഷിണ ഭാരതത്തിലെ കത്തോലിക്കാ മുദ്രാലയങ്ങൾ, പത്രങ്ങൾ ഇവയുടെ ഉൽകർഷ്ത്തിനായി കഴിവുള്ള സകല സഹായങ്ങളേയും ചെയ്തുകൊണ്ടും ദക്ഷിണ ഇൻഡ്യയിലെ കത്തോലിക്കാ സംഘത്തോട് യോജിച്ചു പ്രയത്നിച്ചുകൊണ്ടും കത്തോലിക്കാ സഭയുടെശ്രേയോഭിവൃദ്ധിക്കായിവേലചെയ്യുകയുള്ളതാണ് ഈ സഭയുടെ മഹത്തായ ഉദ്ദേശ്യം. വിനീതാവസ്ഥയിൽ സ്ഥാപിക്കപ്പെട്ടകയും പുതുതായിആളുകളെചേർക്കുന്നതിനായി ശ്രമിക്കാതിരിക്കയുംചെയ്യുന്ന ഈ സമാജത്തിൽ ഇപ്പോൾ (ഫൻഫജൂൺ) 12 അംഗങ്ങൾ ഉണ്ടായിരിക്കുന്നു എന്നുള്ളതിൽ നിന്നുതന്നെ പ്രസ്തുതസമാജത്തിന്റെ ഇതേവരെയുള്ള സ്തുത്യർഹമായ പ്രവർത്തനരീതി ഏകദേശം വെളിപ്പെട്ടുന്നുണ്ട്. വാഷ്കികസമ്മേളനത്തിൽ സ്വാമി കണ്ണുപിള്ള എം. എ. ബി. എൽ. എൽ എൽ ബി. അവർകൾ ചെയ്ത പ്രസംഗത്തിൽ കത്തോലിക്കർ അവശ്യം ധരിച്ചിരിക്കേണ്ട പല കാര്യങ്ങൾ അടങ്ങീട്ടുണ്ട്. ഈ സമാജം ഉദ്ദിഷ്ട ഫലപ്രദായകമായി ഉത്തരോത്തരം ഉൽക്കർഷത്തെ പ്രാപിച്ചുവരുവാൻ ദൈവം സംഗതിയാക്കട്ടെ.